VOL NO: 04 | ISSUE 11
www.nerpatham.com
mail@nerpatham.com

2020 MARCH 14 | ₹12

# നേർപഥം

വാരിക



# വിദ്യാർഥിലോകവും ലക്ഷ്യബോധവും

മുൻകാലങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസരംഗത്ത് വൻ കുതിച്ചുചാട്ടമാണ് നമ്മുടെ രാജ്യം നടത്തിയിട്ടുള്ളത്. എന്നാൽ അറിവുകൾ വന്ന് നിറയുമ്പോഴും തിരിച്ചറിവുകൾ നഷ്ടപ്പെട്ടു പോകുന്ന സ്ഥിതിവിശേഷമാണ് സംജാതമായിട്ടുള്ളത് എന്ന് വർത്തമാനകാല ക്യാമ്പസ് വൃത്താന്തങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. എവിടെയാണ് തിരുത്തേണ്ടത്?

**എന്തുകൊണ്ട് 'പ്രൊഫ്കോൺ?'**

**ദാനശീലവും ഔദാര്യവും**

**കനം തൂങ്ങുന്ന കർമങ്ങൾ**

## ഗോവധ നിരോധനത്തിലെ മതവും രാഷ്ട്രീയവും

രാജ്യത്ത് ഗോഹത്യയുടെ പേരിൽ പശുസംരക്ഷകർ അഴിഞ്ഞാടുകയാണ്. പശുവിന്റെ സംരക്ഷണത്തിനായി നിരപരാധികളെ തല്ലിക്കൊല്ലുന്നതിന് തങ്ങളുടെ പ്രമാണങ്ങളാണവർ തെളിവായുദ്ധരിക്കുന്നത്. എന്നാൽ ഹൈന്ദവപ്രമാണങ്ങളായി പരിചയപ്പെടുത്തുന്ന ഏതെങ്കിലും ഗ്രന്ഥങ്ങളിൽ ഗോമാംസം വിലക്കുന്നുണ്ടോ?

peaceradio
Tune to reality

വഴികാട്ടി

# EXAM TIPS

## SSLC

പരീക്ഷക്ക് തയ്യാറെടുക്കുന്ന
വിദ്യാർത്ഥികൾക്കായി
പ്രത്യേക പരിശീലന ക്ലാസുകൾ..

### പുനഃ പ്രക്ഷേപണം

| | |
|---|---|
| മലയാളം | മാർച്ച് 06 വെള്ളി |
| അറബിക് | മാർച്ച് 07 ശനി |
| ഉറുദു | മാർച്ച് 08 ഞായർ |
| സാമൂഹ്യ ശാസ്ത്രം | മാർച്ച് 11 ബുധൻ |
| ഇംഗ്ലീഷ് | മാർച്ച് 12 വ്യാഴം |
| ഹിന്ദി | മാർച്ച് 13 വെള്ളി |
| ജീവ ശാസ്ത്രം | മാർച്ച് 14 ശനി |
| ഗണിത ശാസ്ത്രം | മാർച്ച് 20 വെള്ളി |
| ഊർജതന്ത്രം | മാർച്ച് 21 ശനി |
| രസതന്ത്രം | മാർച്ച് 24 ചൊവ്വ |

ഓഡിയോ ഫയൽ
ഡൗൺലോഡ്
ചെയ്യാൻ

peaceradio

ഇന്ത്യൻ സമയം

**05:05 PM, 10:15 AM**

പ്രക്ഷേപണ ശേഷം REWIND ഓപ്ഷനിൽ 24 മണിക്കൂർ സമയം ലഭ്യമായിരിക്കും


താങ്കളുടെ മൊബൈലിൽ പീസ് റേഡിയോ ലഭ്യമാകാൻ


ആൻഡ്രോയിഡ് പ്ലേ സ്റ്റോറിൽ
SEARCH
peaceradio

ആപ്പിൾ ആപ്പ് സ്റ്റോറിൽ
SEARCH
peaceradio App

WISDOM
ISLAMIC ORGANIZATION

0165 / 2020 മാർച്ച് 14 / 1441 റജബ് 19 / പുസ്തകം 04 / ലക്കം 11

നേർപഥം
വാരിക




# വിദ്യാർഥിലോകവും ലക്ഷ്യബോധവും

നബീൽ പയ്യോളി / 10

**മുഖമൊഴി**

എന്തുകൊണ്ട് 'പ്രൊഫ്കോൺ?' / 05
എഡിറ്റർ

**ലേഖനം**

കനം തൂങ്ങുന്ന കർമങ്ങൾ / 06
മുഹമ്മദ് സ്വാദിഖ് മദീനി

ഗോവധനിരോധനത്തിലെ മതവും രാഷ്ട്രീയവും / 18
ഡോ.സബീൽ പട്ടാമ്പി

ദാനശീലവും ഔദാര്യവും / 28
അബ്ദുൽ ജബ്ബാർ മദീനി

**ക്വുർആൻ പാഠം**

അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? / 17
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**വിവർത്തനം**

പ്രവാചകൻമാരിലുള്ള വിശ്വാസം / 22
ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി

**നമുക്ക് ചുറ്റും**

ഒരു ഗ്രാമത്തിന്റെ വെളിച്ചം / 26
ഇബ്നു അലി എടത്തനാട്ടുകര

**ക്വുർആൻ ദർശനം**

തഹ്‌രീം (നിഷിദ്ധമാക്കൽ), ഭാഗം: 3 / 31
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ഗാനം**

ദില്ലി കരയുന്നു / 34
ഉസ്മാൻ പാലക്കാഴി

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

# എഴുത്തുകാർ സമൂഹത്തോട് പ്രതിബദ്ധതയുള്ളവരാകണം
# വിസ്ഡം റൈറ്റേഴ്സ് എംപവർമെൻറ് പ്രോഗ്രാം

കോഴിക്കോട്: എഴുത്തുകാർ സമൂഹത്തോട് പ്രതിബദ്ധതയുള്ളവരാകണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ നടത്തിയ റൈറ്റേഴ്സ് എംപവർമെൻറ് പ്രോഗ്രാം പ്രസ്താവിച്ചു.

എഴുത്തുകാർ എല്ലാ കലാകാരന്മാരെയും പോലെ രാജ്യത്തിന്റെ സ്വത്തും ജനതയുടെ അഭിമാനവുമാണ്. അതുകൊണ്ടാണ് രാജ്യം അവരെ ആദരിക്കുന്നതും അർഹമായ പരിഗണന അവർക്ക് നൽകുന്നതും. രാജ്യത്തോടും ജനതയോടും പ്രതിബദ്ധതയുള്ളവരും സത്യത്തിനും നീതിക്കും വേണ്ടിയും അനീതിക്കും അക്രമത്തിനുമെതിരെയും ശബ്ദിക്കുന്നവരുമായിരിക്കണം എഴുത്തുകാർ.

ഖേദകരമെന്നു പറയട്ടെ, രാജ്യത്തിന്റെ ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യമായ അവകാശത്തെ ഹനിക്കും വിധമുള്ള പൗരത്വഭേദഗതി ബില്ലിനെതിരെ ജനങ്ങൾ ഒന്നിച്ചണിചേർന്ന് പ്രതിഷേധിക്കുമ്പോൾ പ്രസിദ്ധരായ പല എഴുത്തുകാരും പരിപൂർണമായ മൗനത്തിലാണ്. ഡൽഹിയിൽ ആസൂത്രിതമായ രൂപത്തിൽ മുസ്‌ലിംകൾക്കെതിരായ കലാപമുണ്ടായപ്പോഴും അവർ പ്രതികരണശേഷി നഷ്ടപ്പെട്ടവരായി നോക്കിനിൽക്കുകയാണ് ചെയ്തത്. കുറ്റകരമായ മൗനം വെടിഞ്ഞ് അവർ ജനങ്ങൾക്കൊപ്പം നിൽക്കേണ്ടതുണ്ട്.

പ്രമുഖ മാധ്യമ പ്രവർത്തകൻ കമാൽ വരദൂർ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഡോ.ഷാനവാസ് പറവണ്ണ, അനിൽ പ്രിംറോസ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഉസ്മാൻ പാലക്കാഴി, അബ്ദുൽ ഖാദർ കൊണ്ടോട്ടി, ബഷീർ വി.ടി, ഷുക്കൂർ (ആലപ്പുഴ), സുലൈമാൻ (എറണാകുളം), ബുഖാരി (കണ്ണൂർ), നൗഷാദ് (മഞ്ചേരി), മൊയ്തീൻ മാസ്റ്റർ (പാലക്കാട്), ഉമർ ഫാറൂഖ് (മലപ്പുറം), നൂർ മാസ്റ്റർ (പെരിന്തൽമണ്ണ), അബ്ദുറഹ്മാൻ കോഴിക്കോട്, അബ്ദുന്നാസർ (തൃശൂർ), മുഹമ്മദ് അൻവർ (വയനാട്) എന്നിവർ വ്യത്യസ്ത ജില്ലകളെ കേന്ദ്രീകരിച്ച് ചർച്ചകൾക്ക് നേതൃത്വം നൽകി.

## വിസ്ഡം വുമൺസ് ഓർഗനൈസേഷന് പുതിയ സാരഥികൾ

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ വിവിധ ഘടകങ്ങളുടെ തെരഞ്ഞെടുപ്പുകൾ പൂർത്തിയായ സാഹചര്യത്തിൽ വനിതാ വിഭാഗമായ വിസ്ഡം വുമൺസ് ഓർഗനൈസേഷന് സംസ്ഥാന തലത്തിൽ പുതിയ സാരഥികൾ ചുമതലയേറ്റു.

സ്ത്രീകൾക്കിടയിലെ പരിവർത്തനം കുടുംബത്തിലും സമൂഹത്തിലും വമ്പിച്ച സ്വാധീനമാണ് ചെലുത്തുക. ഇസ്‌ലാമിക ആശയ പ്രചാരണത്തിന് സ്ത്രീകൾക്കിടയിൽ നേതൃത്വം നൽകാൻ സംസ്ഥാനതലം മുതൽ ശാഖാതലം വരെ പ്രത്യേക പരിപാടികൾ വിസ്ഡം ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തി വരികയാണ്. പുതിയ സാരഥികളുടെ നേതൃത്വത്തിൽ വിവിധങ്ങളായ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. മാർച്ച് 28ന് നടക്കുന്ന സംസ്ഥാന ലീഡേഴ്സ് മീറ്റ് പ്രവർത്തന രംഗത്ത് നവോന്മേഷം പകർന്ന് നൽകും.

സംസ്ഥാന ഭാരവാഹികൾ: കെ.സഹ്റ സുല്ലമിയ്യ ചുങ്കത്തറ (പ്രസിഡന്റ്), ഡോ. സി. റസീല, യൂണിവേഴ്സിറ്റി (ജനറൽ സെക്രട്ടറി), പ്രഫ. എം.സി. അസ്മാബി പെരിയമ്പലം (ട്രഷറർ), എൻ എച്ച് ജാസ്മിൻ, പുളിക്കൽ (വൈ. പ്രസിഡന്റ്), വി.സി ഷക്കീല, മൂർക്കനാട് (ജോ. സെക്രട്ടറി).

സെക്രട്ടറിയേറ്റ് അംഗങ്ങൾ: ഡോ.കെ. വി. മീന കോഴിക്കോട്, വി. ഉമ്മുസൽമ, പറവണ്ണ, ടി.തൗഹീദ പെരിന്തൽമണ്ണ, പി.കെ.നജീബ,വാരം (കണ്ണൂർ), കെ.സീനത്ത്, കടുങ്ങാത്തുകുണ്ട്, പി. സുഹറ ടീച്ചർ കുണ്ടായിത്തോട്.

മുഖമൊഴി

# എന്തുകൊണ്ട് 'പ്രൊഫ്കോൺ?'

> അധർമത്തിന്റെ കുത്തൊഴുക്കിൽ ഒപ്പം ഒഴുകാതെ ഒഴുക്കിനെതിരെ നീന്താൻ ആർജവമുള്ളവരായി വിദ്യാർഥികളെ മാറ്റുന്നു എന്നതാണ് 'പ്രൊഫ്കോണി'ന്റെ സവിശേഷത.

**വി**ദ്യാർഥിസമൂഹം നാളെയുടെ വാഗ്ദാനമാണ്, നാടിന്റെയും സമൂഹത്തിന്റെയും നട്ടെല്ലാണ്. അവരിൽനിന്നാണ് രാജ്യം ഭരിക്കുന്നവരും ഉന്നത ഉദ്യോഗസ്ഥരും അധ്യാപകരും ഡോക്ടർമാരും എഞ്ചിനീയർമാരുമെല്ലാം ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് തന്നെ അവർക്ക് അവർ അർഹിക്കുന്ന പ്രോൽസാഹനവും സഹായവും പിന്തുണയും ലഭിക്കേണ്ടതുണ്ട്. ധാർമിക ബോധത്തിൽ അവർ വളർന്നുവരേണ്ടതുണ്ട്. മനഷ്യത്വമില്ലാത്തവരും മനസ്സാക്ഷി മരവിച്ചവരുമായി അവർ വളർന്നുകൂടാ.

ക്യാമ്പസുകൾ നന്മയുടെ വിളനിലങ്ങളാകണം. തങ്ങൾ പഠിക്കുന്നത് കേവലം സാമ്പത്തിക നേട്ടത്തിനായി മാത്രമല്ലെന്നും രാജ്യത്തോടും സമൂഹത്തോടും കുടുംബത്തോടും പ്രതിബദ്ധത പുലർത്തൽ തങ്ങളുടെ ബാധ്യതയാണെന്നും വിദ്യാർഥികൾ തിരിച്ചറിയണം.

ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ ഉയരങ്ങൾ കീഴടക്കുന്നതിനനുസരിച്ച് ധാർമിക-സാംസ്കാരിക രംഗത്ത് അധഃപതനത്തിന്റെ ആഴങ്ങളിലേക്ക് മനുഷ്യർ ആപതിച്ചുകൊണ്ടിരിക്കുകയാണിന്ന്. തൽഫലമായി വ്യക്തികളും കുടുംബങ്ങളും സമൂഹങ്ങളും രാഷ്ട്രങ്ങളുമെല്ലാം ദിനംപ്രതി അശാന്തിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

മതം, ജാതി, രാഷ്ട്രീയം, വർണം, ഭാഷ... ഇങ്ങനെ പലതിന്റെ പേരിലും മനുഷ്യർ മനുഷ്യർക്കിടയിൽ മതിലുകൾ പണിയുന്നു, കലഹിക്കുന്നു, അക്രമം നടത്തുന്നു. ഭരണ രംഗത്ത് അനീതിയും അഴിമതിയും സ്വജനപക്ഷപാതവും കൊടികുത്തി വാഴുന്നു.

മനുഷ്യത്വത്തിന്റെ മഹിതമായ സന്ദേശം ഉയർത്തിപ്പിടിച്ച്, സമൂഹത്തിനും നാടിനും കുടുംബത്തിനും താങ്ങും തണലുമായി മാറേണ്ട യുവത ലഹരിയുടെ പുതിയ ആസ്വാദന മേഖലകൾ തേടി അലയുകയാണ്. ഒരു കയ്യിൽ ഇന്റർനെറ്റ് കണക്ഷനുള്ള മൊബൈൽ ഫോണും മറുകയ്യിൽ എരിയുന്ന കഞ്ചാവുമായി പാതിരാത്രികളിൽ ആളൊഴിഞ്ഞ ഇടങ്ങളിൽ ഒത്തുകൂടുന്നവരിൽ യുവാക്കളും മധ്യവയസ്കരും മാത്രമല്ല, സ്കൂൾ വിദ്യാർഥികളുമുണ്ടെന്ന വിവരം നമ്മളിൽ ഞെട്ടലുളവാക്കുന്നേയില്ല!

ഇവിടെയാണ് 'പ്രൊഫ്കോൺ' എന്ന പേരിൽ എല്ലാവർഷവും നടക്കാറുള്ള പ്രൊഫഷണൽ വിദ്യാർഥികളുടെ അന്താരാഷ്ട്ര സമ്മേളനം പ്രസക്തമാകുന്നത്. ഉന്നത വിദ്യാഭ്യാസം നേടി; സമൂഹത്തിൽ ഏറെ ആദരവ് ലഭിക്കുന്ന, ഉയർന്ന വരുമാനം കൈപ്പറ്റുന്ന ജോലി കരസ്ഥമാക്കുന്നവർ ധാർമിക ബോധവും മനുഷ്യപ്പറ്റുമില്ലാത്തവരാണെങ്കിൽ അത് സമൂഹത്തിനും രാജ്യത്തിനുമുണ്ടാക്കുന്ന ദോഷം ഏറെ വലുതായിരിക്കും.

കഴിഞ്ഞുപോയ 'പ്രൊഫ്കോണു'കൾ വിദ്യാർഥികൾക്കിടയിലുണ്ടാക്കിയ മാറ്റം വമ്പിച്ചതാണ്. മദ്യത്തിനും മയക്കുമരുന്നിനും കീഴ്പെട്ട് അതിൽനിന്ന് രക്ഷനേടാനാകാതെ ജീവിച്ചിരുന്നവർ, വ്യഭിചരിച്ചിരുന്നവർ, മാതാപിതാക്കളെ ധിക്കരിക്കുകയും ദ്രോഹിക്കുകയും ചെയ്തിരുന്നവർ, റാഗിംഗ് എന്ന ഓമനപ്പേരിൽ ജൂനിയർ വിദ്യാർഥികളെ കഠിനമായി ഉപദ്രവിച്ച് രസിച്ചിരുന്നവർ... അങ്ങനെയങ്ങനെ താന്തോന്നികളായി 'അടിപൊളി' ജീവിതം നയിച്ച അനേകം വിദ്യാർഥികൾ...അവർക്ക് തിരിച്ചറിവ് പകരാൻ, അവരിലെ മനുഷ്യത്വത്തെ തൊട്ടുണർത്താൻ, അവർക്ക് യഥാർഥ ജീവിതലക്ഷ്യം പകർന്നു നൽകാൻ പ്രൊഫ്കോണുകൾ കാരണമായിട്ടുണ്ടെന്നത് അനിഷേധ്യമായ വസ്തുതയാണ്. ●

മുഹമ്മദ് സ്വാദിഖ് മദീനി
mail@nerpatham.com

ലേഖനം



# കനം തൂങ്ങുന്ന കർമങ്ങൾ

സത്യവിശ്വാസത്തിന്റയും സൽകർമങ്ങളുടെയും അടിസ്ഥാനത്തിലാണ് സ്വർഗപ്രവേശനം സാധ്യമാവുക. നാം ചെയ്യുന്ന കർമങ്ങൾ (അവ നന്മയാകട്ടെ, തിന്മയാകട്ടെ) നാളെ പരലോകത്ത് അല്ലാഹു തൂക്കികണക്കാക്കുകയും അവൻ നമ്മോട് അനീതി ചെയ്യുന്നില്ല എന്ന് നമ്മെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതാണ്.

മനുഷ്യന്റെ ഭാവി ഭാഗധേയം നിർണയിക്കാൻ അല്ലാഹുവിന് വിചാരണ നടത്തുകയോ അവന്റെ കർമങ്ങൾ തൂക്കി കണക്കാക്കുകയോ ചെയ്യേണ്ടതില്ല. കാരണം മനുഷ്യരെ സൃഷ്ടിക്കുന്നതിനു മുമ്പ് തന്നെ അല്ലാഹുവിന്റെ ആദിയായ അറിവിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരുടെയും ഭാവി എന്തായിരിക്കുമെന്ന് അവനറിയാം.

അല്ലാഹു അവന്റെ അടിമകളോട് ഒരു തരിമ്പും അനീതി കാണിച്ചിട്ടില്ല, അവന്റെ മലക്കുകൾ മനുഷ്യന്റെ കർമരേഖയിൽ കളങ്കം ചെയ്തിട്ടില്ല എന്ന് അല്ലാഹു നമ്മെ ബോധ്യപ്പെടുത്തും. അല്ലാഹു പറയുന്നു:

"ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നീതിപൂർണ മായ തുലാസുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാളോടും ഒട്ടും അനീതി കാണിക്കപ്പെടുകയില്ല. അത് (കർമം) ഒരു കടുക് മണിത്തൂക്കമുള്ളതാണെങ്കിലും നാമത് കൊണ്ടുവരുന്നതാണ്. കണക്ക് നോക്കുവാൻ നാം തന്നെ മതി" (ക്വുർആൻ 21:47).

സൽകർമികളുടെ തുലാസ് കനം തൂങ്ങിയതും പാപികളുടേത് നന്മകൾ ഇല്ലാത്ത, കനം കുറഞ്ഞതുമായിരിക്കുമെന്ന് കുർആൻ അറിയിക്കുന്നു. അല്ലാഹു പറയുന്നു:

"അന്നത്തെ ദിവസം (കർമങ്ങൾ) തൂക്കി കണക്കാക്കുന്നത് സത്യമായിരിക്കും. അപ്പോൾ ആരുടെ തുലാസുകൾ ഘനം തൂങ്ങിയോ അവരാണ് വിജയികൾ. ആരുടെ തുലാസുകൾ ഘനം കുറഞ്ഞുവോ അവരാണ് ആത്മനഷ്ടം നേരിട്ടവർ. നമ്മുടെ ദൃഷ്ടാന്തങ്ങളുടെ നേരെ അവർ അന്യായം കൈക്കൊണ്ടിരുന്നതിന്റെ ഫലമത്രെ അത്" (ക്വുർആൻ 7:8,9).

"അപ്പോൾ ആരുടെ (സൽകർമങ്ങളുടെ) തൂക്കങ്ങൾ ഘനമുള്ളതായോ അവർ തന്നെയാണ് വിജയികൾ. ആരുടെ (സൽകർമങ്ങളുടെ) തൂക്കങ്ങൾ ലഘുവായിപ്പോയോ അവരാണ് ആത്മനഷ്ടം പറ്റിയവർ, നരകത്തിൽ നിത്യവാസികൾ" (ക്വുർആൻ 23:102,103).

"അപ്പോൾ ഏതൊരാളുടെ തുലാസുകൾ ഘനം തൂങ്ങിയോ അവൻ സംതൃപ്തമായ ജീവിതത്തിലായിരിക്കും. എന്നാൽ ഏതൊരാളുടെ തുലാസുകൾ തൂക്കം കുറഞ്ഞതായോ അവന്റെ സങ്കേതം ഹാവിയഃ ആയിരിക്കും" (ക്വുർആൻ 101:6-8).


മീസാൻ എന്നത് അല്ലാഹുവിന്റെ അദൃശ്യജ്ഞാനത്തിൽ പെട്ടതായതിനാൽ മീസാനിന്റെ രൂപം, കർമങ്ങൾ തൂക്കി കണക്കാക്കുന്ന രീതി തുടങ്ങിയവ പ്രമാണങ്ങളിൽ വന്നത് അനുസരിച്ചല്ലാതെ മനുഷ്യബുദ്ധിക്കനുസരിച്ച് കണ്ടെത്താൻ കഴിയില്ല. ഇതാണ് ആ വിഷയത്തിലുള്ള പൂർവസൂരികളുടെ നിലപാട്

ക്വുർആനിൽ തുലാസുകൾ അഥവാ (മവാസീൻ) എന്നും ഹദീഥുകളിൽ മീസാൻ അഥവാ തുലാസ് എന്നും രണ്ട് രൂപത്തിൽ പറയപ്പെട്ടിരിക്കുന്നു. ആകാശഭൂമികളെ പോലും തൂക്കി കണക്കാക്കാൻ സാധ്യമാകുന്നതാണ് മീസാൻ എന്ന ഹദീഥുകളിൽ നിന്നും മനസ്സിലാകുന്നതാണ്.

നബിﷺ പറഞ്ഞു: "മീസാൻ അന്ത്യനാളിൽ സ്ഥാപിക്കപ്പെടും. അതിൽ ആകാശഭൂമികൾ തൂക്കപ്പെട്ടിരുന്നെങ്കിൽ അതിന് അത് പര്യാപ്തമായിരുന്നു." അപ്പോൾ മലക്കുകൾ പറയും: "റബ്ബേ, ആരെയാണ് ഇതിൽ തൂക്കി നോക്കുന്നത്?" അപ്പോൾ അല്ലാഹു പറയും: "ഞാൻ ഉദ്ദേശിച്ച എന്റെ സൃഷ്ടികളെ." അപ്പോൾ മലക്കുകൾ പറയും: "നീ പരിശുദ്ധനാണ്. നിന്നെ ആരാധിക്കേണ്ട മുറപ്രകാരം ഞങ്ങൾ ആരാധിച്ചിടാം" (ഹാകിം).

ഇഹലോകത്ത് ഭാരവും വലിപ്പവും ഉള്ള ആളുകൾ നാളെ പരലോകത്ത് കർമങ്ങൾ തൂക്കപ്പെടുമ്പോൾ ഭാരിച്ചവരായിക്കൊള്ളണമെന്നില്ല. നബിﷺ പറഞ്ഞു: "തടിച്ച വലിയ ഒരു മനുഷ്യൻ അന്ത്യനാളിൽ കൊണ്ടുവരപ്പെടും. ഒരു കൊതുകിന്റെ ചിറകിന്റെ കനം പോലും അല്ലാഹുവിന്റെ അടുക്കൽ അവന് ഉണ്ടായിരിക്കുന്നതല്ല.' തുടർന്ന് ഈ വചനം ഓതി: "തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിലും അവനുമായി കണ്ടുമുട്ടുന്നതിലും വിശ്വസിക്കാത്തവരത്രെ അവർ. അതിനാൽ അവരുടെ കർമങ്ങൾ നിഷ്ഫലമായിപ്പോയിരിക്കുന്നു. അതിനാൽ നാം അവർക്ക് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ യാതൊരു തൂക്കവും (സ്ഥാനവും) നിലനിർത്തുകയില്ല"(ക്വുർആൻ 18: 105).

അപ്രകാരം തന്നെ സൽക്കർമികളായ വിശ്വാസികൾ; അവർ ദേഹം എത്ര മെലിഞ്ഞവരായിരുന്നാലും ശരി പരലോകത്ത് മീസാനിൽ കനംകൂടിയവരായിരിക്കും. ഒരിക്കൽ നേർത്തു മെലിഞ്ഞ അബ്ദുല്ലാഹിബ്നു മസ്ഊദ്؆ അറാക്കിന്റെ മരത്തിൽ കയറി. കാറ്റടിച്ചപ്പോൾ മരക്കൊമ്പിൽ അദ്ദേഹം ആടിയുലഞ്ഞു. ഇത് കണ്ട് ചില സ്വഹാബിമാർ ചിരിച്ചു. അന്നേരം നബിﷺ പറഞ്ഞു: 'അല്ലാഹുവാണെ സത്യം! അദ്ദേഹത്തിന്റെ കാലുകൾ മീസാനിൽ ഉഹ്ദ് പർവതത്തെക്കാൾ ഭാരമുള്ളതാണ്.'



കർമങ്ങൾ തൂക്കി കണക്കാക്കപ്പെടുമ്പോൾ നന്മയുടെ തുലാസ് കനം കൂടുവാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് നാം അറിഞ്ഞിരിക്കണം. സത്യവിശ്വാസവും സൽകർമങ്ങളും മുഖേനയാണ് വിശ്വാസികൾ സ്വർഗത്തിലേക്ക് പോകുക.

മീസാനിൽ കനംതൂങ്ങുന്ന പ്രത്യേകമായ ചില കർമങ്ങൾ നബിﷺ നമ്മെ അറിയിച്ചിട്ടുണ്ട്.

**ഒന്ന്) 'ലാഇലാഹ ഇല്ലല്ലാഹു' ശരിയാക്കുക:**

ഇസ്‌ലാം മതത്തിന്റെ അടിസ്ഥാനം അല്ലാഹുവെ അല്ലാതെ മറ്റൊന്നിനെയും ആരാധിക്കുവാൻ പാടില്ല, മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണ് എന്ന സാക്ഷ്യവചനങ്ങൾ മനസാവാചാകർമണാ അംഗീകരി ക്കലാണ്. അത് മീസാനിൽ കനം തൂങ്ങുന്ന കാര്യമാണ്.

നബിﷺ പറഞ്ഞു: "അന്ത്യനാളിൽ അല്ലാഹു ഒരു മനുഷ്യനെ ജനസമക്ഷം കൊണ്ടുവരികയും അയാളുടെ കണ്ണെത്താദൂരത്തോളം ഉള്ള അവന്റെ ഏടുകൾ വിതറപ്പെടുകയും ചെയ്യും. എന്നിട്ട് അവൻ ചോദിക്കും: 'ഇതു നീ നിഷേധിക്കുന്നുണ്ടോ? എന്റെ മലക്കുകൾ നിന്നോട് ഇതിൽ അക്രമം ചെയ്തിട്ടുണ്ടോ?' അപ്പോൾ അവൻ പറയും: 'ഇല്ല രക്ഷിതാവേ.' അല്ലാഹു അവനോട് ചോദിക്കും: 'നിനക്ക് വല്ല ഒഴിവുകഴിവും പറയാനുണ്ടോ?' അപ്പോഴും അവൻ പറയും: 'ഇല്ല.' അല്ലാഹു അവനോട് പറയും നിനക്ക് നമ്മുടെ പക്കൽ ഒരു നന്മയുണ്ട്. ഇന്നേദിവസം നീ ആക്രമിക്കപ്പെടുന്നതല്ല.' അങ്ങനെ ഒരു കാർഡ് പുറത്തുവരുന്നു. അതിൽ 'അശ്ഹദു അൻ ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുർറസൂലുല്ലാഹ്' എന്നുണ്ട്. അപ്പോൾ അല്ലാഹു പറയും: 'ഇത് തൂക്കി കണക്കാക്കുക.' അവൻ പറയും: 'എന്റെ റബ്ബേ, ഈ തൊണ്ണൂറ്റി ഒൻപത് രേഖകളോടൊപ്പം ഈ ഒരൊറ്റ കാർഡ് കൊണ്ട് എന്ത് ചെയ്യാനാണ്?' അല്ലാഹു പറയും: 'നീ ഇന്നേദിവസം ആക്രമിക്കപ്പെടുന്നതല്ല. അങ്ങനെ അവ തൂക്കി കണക്കാക്കുമ്പോൾ ആ കാർഡുള്ള തുലാസ് കനം തൂങ്ങും. അല്ലാഹുവിന്റെ നാമത്തോടൊപ്പം മറ്റൊന്നും കനം തൂങ്ങുകയില്ല" (അഹ്മദ്).

**മീസാൻ എന്നത് അല്ലാഹുവിന്റെ അദൃശ്യജ്ഞാനത്തിൽ പെട്ടതായതിനാൽ മീസാനിന്റെ രൂപം, കർമങ്ങൾ തൂക്കി കണക്കാക്കുന്ന രീതി തുടങ്ങിയവ പ്രമാണങ്ങളിൽ വന്നത് അനുസരിച്ചല്ലാതെ മനുഷ്യബുദ്ധിക്കനുസരിച്ച് കണ്ടെത്താൻ കഴിയില്ല. ഇതാണ് ആ വിഷയത്തിലുള്ള പൂർവസൂരികളുടെ നിലപാട്. ക്വുർആനിൽ തുലാസുകൾ അഥവാ (മവാസീൻ) എന്നും ഹദീഥുകളിൽ മീസാൻ അഥവാ തുലാസ് എന്നും രണ്ട് രൂപത്തിൽ പറയപ്പെട്ടിരിക്കുന്നു. ആകാശഭൂമികളെ പോലും തൂക്കി കണക്കാക്കാൻ സാധ്യമാകുന്നതാണ് മീസാൻ എന്ന ഹദീഥുകളിൽ നിന്നും മനസ്സിലാകുന്നതാണ്.**



**രണ്ട്) ദിക്റുകൾ:**

ഒരു വിശ്വാസിയുടെ മനസ്സും നാവും സദാസമയവും അല്ലാഹുവിനെക്കുറിച്ചുള്ള ബോധത്താൽ നിറഞ്ഞിരിക്കണം. ശാരീരികമോ സാമ്പത്തികമോ ആയ ചെലവുകൾ ഇല്ലാത്ത വലിയ ആരാധനാ കർമമാണ് ദിക്റുകൾ. കേവലം നാവുകൊണ്ട് അവ ഉച്ചരിക്കുന്നതിലപ്പുറം ദിക്റുകളുടെ അർഥവും ആശയവും മനസ്സിലാക്കി ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കണം

നബിﷺ പറഞ്ഞു: "പരമകാരുണികന് ഏറ്റവും ഇഷ്ടപ്പെട്ടതും മീസാനിൽ കൂടുതൽ ഭാരം തൂങ്ങുന്നതും നാവിന് എളുപ്പമുള്ളതും ആയ രണ്ട് വചനങ്ങളാണ് സുബ്ഹാനല്ലാഹി വബിഹംദിഹി, സുബ്ഹാനല്ലാഹിൽ അളീം' എന്നത്."

ഒരിക്കൽ നബിﷺ തന്റെ പത്നി ജുവൈരിയ(റ) യുടെ അടുക്കൽ നിന്നും അതിരാവിലെ പുറപ്പെട്ടു. സ്വുബ്ഹി നമസ്കാരാനന്തരം അവർ അവരുടെ പള്ളിയിലായിരുന്നു. മധ്യാഹ്ന സമയത്ത് നബിﷺമടങ്ങി വന്നപ്പോഴും അവർ അവിടെത്തന്നെ ഇരിക്കുകയായിരുന്നു. അപ്പോൾ നബിﷺ ചോദിച്ചു: 'ഞാൻ നിന്റെ അടുക്കൽ നിന്നും പോന്ന ശേഷം നീ അതേ ഇരിപ്പിൽ തന്നെയായിരുന്നോ?' അവർ 'അതെ' എന്നു പറഞ്ഞു. നബിﷺ പറഞ്ഞു: 'നാലു വചനങ്ങൾ ഞാൻ മൂന്ന് പ്രാവശ്യം പറഞ്ഞു. അത് നീ പറഞ്ഞതുമായി തൂക്കി നോക്കുകയാണെങ്കിൽ അവയായിരിക്കും ഏറ്റവും ഭാരം ഉള്ളത്: 'അല്ലാഹുവിന്റെ വചനങ്ങളുടെ മഷിയോളം, അവന്റെ സിംഹാസനത്തിന്റെ ഭാരത്തോളം, അവന്റെ മനസ്സിന്റെ തൃപ്തിയോളം, അവന്റെ സൃഷ്ടികളുടെ എണ്ണത്തോളം അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവനെ പ്രകീർത്തിക്കുന്നു" (മുസ്ലിം).

**മൂന്ന്) പരീക്ഷണങ്ങളിൽ ക്ഷമിക്കുക:**

പരീക്ഷണങ്ങൾ വിശ്വാസികൾക്ക് ഉണ്ടാകുമെന്ന് വിശുദ്ധ ക്വുർആൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുവാനും സ്വർഗീയ പദവികൾ ഉയർത്തപ്പെടുവാനും പാപങ്ങൾ പൊറുക്കപ്പെടുവാനും പരീക്ഷണങ്ങൾ കാരണമായിത്തീരുന്നു. ക്ഷമയോടുകൂടി പരീക്ഷണങ്ങളെ നേരിടുകയും അല്ലാഹുവിനെക്കുറിച്ച് സദ്വിചാരങ്ങൾ ഉണ്ടാകുകയും ചെയ്യുമ്പോൾ അത് വലിയ പ്രതിഫലാർഹമായി മാറും. നബിﷺ പറഞ്ഞു: "അഞ്ചു കാര്യങ്ങൾ



മീസാനിൽ ഏറ്റവും കനം തൂങ്ങുന്നതാണ്; ലാഇലാഹ ഇല്ലല്ലാഹ്, അല്ലാഹു അക്ബർ, സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, സ്വാലിഹായ സന്താനം മരണപ്പെടുകയും അതിൽ ആ കുട്ടിയുടെ പിതാവ് ക്ഷമിച്ച് പ്രതിഫലം കാംക്ഷിക്കുകയും ചെയ്യൽ" (അഹ്മദ്).

**നാല്) സൽസ്വഭാവം:**

മനുഷ്യരുടെ ഇഷ്ടം കരസ്ഥമാക്കുവാൻ സൽസ്വഭാവം കാരണമായിത്തീരുന്നു. അതിലുപരിയായിസൽസ്വഭാവികളെ അല്ലാഹു ഇഷ്ടപ്പെടുകയും ചെയ്യുന്നു. പരുഷരും ദേഷ്യക്കാരുമായവരെ മനുഷ്യർ സ്നേഹിക്കുകയോ ഇഷ്ടപ്പെടുകയോ ഇല്ല. അതിനാൽ സൽസ്വഭാവം മീസാനിൽ ഏറ്റവും കനം തൂങ്ങുന്ന കാര്യമായി ഇസ്ലാം പഠിപ്പിച്ചു. നബിﷺ പറഞ്ഞു: "സൽസ്വഭാവം പോലെ മീസാനിൽ ഏറ്റവും കൂടുതൽ ഭാരം തൂങ്ങുന്ന മറ്റൊന്നും തന്നെയില്ല" (അബൂദാവൂദ്).

ഇമാം തിർമിദി നിവേദനം ചെയ്യുന്ന റിപ്പോർട്ടിലുള്ളത് 'സൽസ്വഭാവം മുഖേന ഒരാൾ നോമ്പനുഷ്ഠിക്കുന്നവരുടെയും നമസ്കരിക്കുന്നവരുടെയും പദവിയിലേക്ക് എത്തും' എന്നാണ്.

**അഞ്ച്) മയ്യിത്ത് സംസ്കരണം:**

ഒരു വിശ്വാസി മരണപ്പെട്ടാൽ അദ്ദേഹത്തെ കുളിപ്പിക്കുക, കഫൻ ചെയ്യുക, അദ്ദേഹത്തിന് വേണ്ടി നമസ്കരിക്കുക, മറവ് ചെയ്യുക തുടങ്ങിയ കാര്യങ്ങൾ മുസ്ലിം സമൂഹത്തിന്റെ ബാധ്യതയാണ്. മീസാനിൽ ഭാരം കൂടുന്ന ഒരു സൽപ്രവർത്തനമാണത്.

നബിﷺ പറഞ്ഞു: "ആരെങ്കിലും ഒരു ജനാസയെ നമസ്കരിക്കുന്നത് വരെ തുടർന്നാൽ അവന് ഒരു കീറാത്ത് പ്രതിഫലം ഉണ്ടായിരിക്കും. എന്നാൽ നമസ്കരിക്കുകയും തുടർന്ന് മറവ് ചെയ്യുന്നത് വരെയും പങ്കെടുത്താൽ അവന് രണ്ട് കീറാത്ത് ഉണ്ടായിരിക്കും. അല്ലാഹുവാണേ സത്യം! ഒരു കീറാത്ത് അവന്റെ മീസാനിൽ ഉഹദ് പർവതത്തെക്കാൾ ഭാരം ഉള്ളതായിരിക്കും."

സ്വർഗം കാംക്ഷിക്കുന്ന വിശ്വാസികൾ എന്ന നിലയിൽ പരലോക രക്ഷക്ക് സാധ്യമാവുന്ന കർമങ്ങൾ ആത്മാർഥമായി കൂടുതൽ ചെയ്യുക. ●

നബീൽ പയ്യോളി
nabeelpayyoly@gmail.com





# വിദ്യാർഥിലോകവും ലക്ഷ്യബോധവും

**മുൻകാലങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസരംഗത്ത് വൻ കുതിച്ചുചാട്ടമാണ് നമ്മുടെ രാജ്യം നടത്തിയിട്ടുള്ളത്. എന്നാൽ അറിവുകൾ വന്ന് നിറയുമ്പോഴും തിരിച്ചറിവുകൾ നഷ്ടപ്പെട്ടു പോകുന്ന സ്ഥിതിവിശേഷമാണ് സംജാതമായിട്ടുള്ളത് എന്ന് വർത്തമാനകാല ക്യാമ്പസ് വൃത്താന്തങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. എവിടെയാണ് തിരുത്തേണ്ടത്?**

അടുത്ത കാലത്തായി കൗമാരക്കാരുടെ ആത്മഹത്യാനിരക്ക് വർധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പരീക്ഷയിൽ മാർക്ക് കുറഞ്ഞതിനും മാതാപിതാക്കൾ ശകാരിച്ചതിനും അധ്യാപകരുടെ മോശമായ പെരുമാറ്റത്തിൽ പ്രതിഷേധിച്ചും സാമൂഹ്യമാധ്യമങ്ങളുടെ ചതിക്കുഴിയിൽ അകപ്പെട്ടും... അങ്ങനെ നിരവധി കാരണങ്ങൾ ജീവിതം അവസാനിപ്പിക്കാൻ അവരെ പ്രേരിപ്പിക്കുന്നു. എന്തു പറ്റി  ഈ കൗമാര തലമുറക്ക് എന്നത് ഗൗരവപൂർവം നാം ആലോചിക്കേണ്ടിയിരിക്കുന്നു. ജീവിതയാത്രയിൽ മുന്നോട്ട് പോകുമ്പോൾ ഉണ്ടാവുന്ന ചെറുതും വലുതുമായ പ്രതിസന്ധികളിൽ തട്ടി ജീവിതം അവസാനിപ്പിക്കും വിധം ദുർബലരായി അവർ മാറുന്നതെന്തുകൊണ്ടാണ്?

വിദ്യാഭാസപരമായും സാമ്പത്തികമായും നല്ല നിലയിൽ കഴിയുന്നവരാണ് മലയാളികൾ പൊതുവെ. വിദ്യാഭ്യാസ രംഗത്ത് ലോകത്തിന്റെ ചലനങ്ങൾക്കനുസരിച്ച് മാറാനും അറിവ് ആർജിക്കാനും ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താനും എല്ലാവരും ഒരേപോലെ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് ഭാഗ്യവന്മാരാണ് നമ്മുടെ പുതുതലമുറ. അവർക്ക് ഇന്നിന്റെ സാധ്യതകളും സാഹചര്യങ്ങളും അനുകൂലമാണ്.

കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ രംഗത്തും ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിലും നാം വളരെ മുന്നേറിയിരിക്കുന്നു. തോൽവിയറിയാതെ വിജയപീഠം ഓടിക്കയറുകയാണ് വിദ്യാർഥികൾ. അതിൽ ഉണ്ടാകുന്ന ചെറിയ ഇടർച്ച പോലും അവരെ വല്ലാതെ തളർത്തിക്കളയുന്നു എന്നത് നാം ഏറെ ഗൗരവത്തോടെ കാണേണ്ട വിഷയം തന്നെ. തങ്ങളുടെ കഴിവും പ്രാപ്തിയും അനുസരിച്ചുള്ള കോഴ്സുകൾ തിരഞ്ഞെടുക്കാൻ ഓരോരുത്തർക്കും സാധ്യമാണ്. മാതാപിതാക്കളും കുടുംബവും ഒരുവേള സമൂഹവും ചെലുത്തുന്ന സമ്മർദങ്ങൾക്ക് വഴങ്ങി, തനിക്ക് പ്രാപ്യമല്ലാത്ത കോഴ്സുകൾ ചെയ്യേണ്ടി വരുന്ന വിദ്യാർഥികൾ മാനസിക സംഘർഷങ്ങൾക്ക് വിധേയരാവുകയും പാതിവഴിയിൽ കോഴ്സോ അല്ലെങ്കിൽ ജീവിതം തന്നെയോ അവസാനിപ്പിച്ച് പോകുകയോ ചെയ്യുന്നത് വർത്തമാനകാല യാഥാർഥ്യമാണ്. ഇതിന് ഇടവരുത്താതെ ഓരോ വിദ്യാർഥിക്കും അവന്റെ/അവളുടെ അഭിരുചിക്കും കഴിവിനും അനുസരിച്ചുള്ള കോഴ്സുകൾ തിരഞ്ഞെടുക്കാനും പഠിക്കാനും ഉള്ള അന്തരീക്ഷം ഉണ്ടാവണം. എല്ലാവരെയും ജയിപ്പിക്കുക എന്ന രീതിയാണ് കഴിഞ്ഞ കുറച്ചുകാലങ്ങളായി നമ്മുടെ വിദ്യാഭ്യാസ രംഗത്ത് സ്വീകരിച്ചു വരുന്നത്. പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള ഈ രീതിയല്ല ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്നതാണ് പലപ്പോഴും വിദ്യാർഥികളിൽ മാനസിക സംഘർഷങ്ങൾക്ക് കാരണമായിത്തീരുന്നത്. ഈ മാറ്റത്തെ ഉൾക്കൊള്ളാനും അതിനനനുസരിച്ചു കാര്യങ്ങൾ ചെയ്യാനും മനസ്സിനെ പാകപ്പെടുത്തണം. തിരഞ്ഞെടുക്കുന്ന കോഴ്സിനെക്കുറിച്ചും പഠിക്കാൻ പോകുന്ന ക്യാമ്പസിനെക്കുറിച്ചും അനുഭവജ്ഞരിൽ നിന്ന് ചോദിച്ചറിയുക വളരെ പ്രധാനമാണ്. അത് നൽകുന്ന കാഴ്ചപ്പാട് വരും നാളുകളിൽ ഉണ്ടായേക്കാവുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ ഒരു പരിധിവരെ കുട്ടികളെ സഹായിക്കും.

കേരളത്തിന് പുറത്ത് പ്രധാന നഗരങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൂറുകണക്കിന് മലയാളി വിദ്യാർഥികൾ തങ്ങളുടെ ഉന്നത പഠനം ലക്ഷ്യമാക്കി പോകുന്നുണ്ട്. കേരളത്തിൽ നിന്നും വ്യസ്ത്യ സ്തമായ സാഹചര്യം, നല്ല അക്കാദമിക നിലവാരം, അന്യഭാഷ സ്വായത്തമാക്കൽ, വ്യത്യസ്ത സംസ്കാരങ്ങളുമായി ഇടപഴകൽ, ഇന്ത്യയുടെ വൈവിധ്യങ്ങളെ അടുത്തറിയൽ, കേരളത്തിലെ രാഷ്ട്രീയ കളികളിൽ ആടിയുലയുന്ന വിദ്യാഭ്യാസ സമ്പ്രദായം തങ്ങളുടെ ഭാവി തകർക്കുമോ എന്ന ആശങ്കയിൽ നിന്ന് രക്ഷപ്പെടൽ ഇങ്ങനെയുള്ള പല ഘടകങ്ങളും ലക്ഷ്യങ്ങളും മലയാളി വിദ്യാർഥികളെ കേരളത്തിന് പുറത്തേക്ക് തങ്ങളുടെ ഉന്നതപഠനം പറിച്ചു നടാൻ പ്രേരിപ്പിക്കുന്നു. ഇത്തരം സ്ഥാപനങ്ങളിൽ നിന്ന്  പഠിച്ചിറങ്ങിയവരുടെ മികവ് മലയാളി വിദ്യാർഥികളെ മോഹിപ്പിക്കുകയും ചെയ്യുന്നു. മക്കളുടെ ഭാവിയോർത്ത് ഈ പറിച്ചുനടലിന് മാതാപിതാക്കൾ സമ്മതം മൂളുന്നു. അവിടെയുള്ള സാധ്യതകൾ കണ്ട് പോകുന്നവർ പലപ്പോഴും അവിടെ ഉണ്ടായേക്കാവുന്ന പ്രയാങ്ങളെയും പ്രതിസന്ധികളെയും പറ്റി ചിന്തിക്കുന്നേയില്ല. കേരളത്തിന് പുറത്ത് തികച്ചും വ്യത്യസ്തമായ സാഹചര്യങ്ങളാണ് നിലവിലുള്ളത്. നമ്മുടെ കുട്ടികളിൽ പലർക്കും അത് ഉൾക്കൊള്ളാനും ആ സാഹചര്യങ്ങളെ ഫലപ്രദമായി നേരിടാനും കഴിയണമെന്നില്ല. അത് പല അനർഥങ്ങൾക്കും ഇടയാക്കുകയും ചെയ്യും.

എത്ര ഉന്നതവിദ്യാഭ്യാസം നേടിയാലും അത് ആരെയും സംസ്കാര സമ്പ



ന്നനാക്കുന്നില്ല എന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാവണം. നമുക്ക് ചുറ്റുമുള്ള സംഭവവികാസങ്ങൾ ദിനേന അതാണ് വിളിച്ചു പറയുന്നത്. സർട്ടിഫിക്കറ്റുകളുടെ കനമോ പേരിന്റെ കൂടെ ചേർക്കുന്ന ഡിഗ്രികളുടെ എണ്ണമോ അല്ല ഒരാളെ സംസ്കാര സമ്പന്നനാക്കുന്നത്; മറിച്ച് അയാളിലുള്ള ധാർമിക ബോധമാണ്. ഉന്നത ഉദ്യോഗസ്ഥരും അധ്യാപകരും രാഷ്ട്രതന്ത്രജ്ഞരും ഭരണാധികാരികളും ശാസ്ത്രജ്ഞരും ഭിഷഗ്വരന്മാരും അടക്കമുള്ള പലരും ഈ സത്യത്തിന്റെ ജീവിക്കുന്ന പതിപ്പുകളാണ്. അവർ ഉണ്ടാക്കുന്ന പ്രയാസങ്ങളും സമ്മർദങ്ങളും അവരുടെ മനുഷ്യത്വമില്ലാത്ത പ്രവർത്തനങ്ങളും സമൂഹത്തിലുണ്ടാക്കുന്ന ദുരന്തങ്ങൾ ചെറുതല്ല. കാരണങ്ങൾ പലതെങ്കിലും അതിന്റെയൊക്കെ അടിസ്ഥാനം അവരിലെ ധാർമിക ബോധത്തിന്റെ അഭാവമാണെന്ന് കണ്ടെത്താൻ കഴിയും.

ഇളംതലമുറയെ ജീവിതത്തോട് വിമുഖതയുള്ളവരാക്കി മാറ്റാൻ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങൾ അവർ പഠിക്കുന്ന ക്യാമ്പസുകളിൽ നിലവിലുണ്ടോ എന്ന് മനസ്സിലാക്കേണ്ടതുണ്ട്. പല കുട്ടികളും തങ്ങളുടെ ക്യാമ്പസ് ജീവിതത്തിൽ ഉണ്ടായ ഇത്തരം അനുഭവങ്ങൾ പങ്കുവെച്ചത് നാം കേട്ടതും വായിച്ചതുമാണ്. നമ്മൾ വിചാരിക്കുന്നതിനെക്കാളും ഭീതിതമായ സാഹചര്യം ചില ക്യാമ്പസുകളിൽ ഉണ്ടെന്നത്



ഞെട്ടലുളവാക്കുന്നതാണ്. അധ്യാപകരുടെ ക്രൂരമായ പെരുമാറ്റവും വർഗീയ ചിന്തയും അവഗണനയും ഒറ്റപ്പെടുത്തലും വിദ്യാർഥികളെ തകർത്തുകളയുന്ന ക്യാമ്പസുകൾ എന്ത് സന്ദേശമാണ് നൽകുന്നത്? അടുത്ത കാലത്ത് ഒരു വിദ്യാർഥിനിയുടെ ആത്മഹത്യ അവൾ പഠിക്കുന്ന സ്ഥാപനത്തെയും അധ്യാപകനെയും സംശയത്തിന്റെ നിഴലിൽ നിർത്തിയത് നാം കണ്ടതാണ്. ധാരാളം വിദ്യാർഥികൾ അവരുടെ ദുരനുഭവങ്ങൾ തുറന്നുപറഞ്ഞിട്ടും അധികാരി വർഗം കണ്ണടക്കുകയാണുണ്ടായത്. തങ്ങളുടെ കരിയറിനെ ബാധിക്കും എന്ന സ്വാർഥത ഇത്തരം സംഭവങ്ങൾ കണ്ടില്ലെന്ന് നടിച്ച് തങ്ങളുടെ ഭാവി സുരക്ഷിതമാക്കാനാണ് ഭൂരിഭാഗം വിദ്യാർഥികളും ശ്രമിച്ചത്. അനീതിക്കെതിരെ ശബ്ദിക്കാൻ അവർക്ക് കഴിഞ്ഞില്ല.

ഏതൊരു പ്രശ്നത്തിന്റെയും അടിസ്ഥാന കാരണം കണ്ടെത്തി അതിനെ ചികിത്സിക്കുന്നതിന് പകരം തൊലിപ്പുത്തുള്ള ചികിത്സയാണ് എല്ലാവർക്കും പ്രിയം. ആളുകളുടെ കണ്ണിൽ പൊടിയിടാനും അനിഷ്ടസംഭവങ്ങളെ വിസ്മൃതിയിലാക്കുവാനും ഇനിയും അത്തരം സംഭവങ്ങൾ തുടരാനും മാത്രമെ ഈ തൊലിപ്പുറ ചികിത്സകൊണ്ട് സാധിക്കുകയുള്ളൂ. ധാർമിക നിലവാരത്തിലെ അപചയമാണ് കുറ്റകൃത്യങ്ങളി ലേക്ക് തള്ളിവിടുന്നത് എന്ന അടിസ്ഥാനപരമായ തിരിച്ചറിവും അതിനുള്ള പ്രതിരോധവുമാണ് പരിഹാരം.

കൃത്യമായ ലക്ഷ്യബോധം വിദ്യാർഥികൾക്ക് ഉണ്ടായിരിക്കണം; ജീവിതത്തെ കുറിച്ചും പഠനത്തെ കുറിച്ചും. ലക്ഷ്യമില്ലാതെ യാത്ര ചെയ്യുന്ന ഒരാൾ തോന്നിയേടത്ത് യാത്ര അവസാനിപ്പിക്കും. ലക്ഷ്യമുള്ളവൻ ലക്ഷ്യത്തിലെത്തിയാലേ യാത്ര അവസാനിപ്പിക്കൂ. ഭൗതിക വിദ്യാഭ്യാസത്തിന്റെ കുത്തൊഴുക്കിൽ മതപഠനം ഒലിച്ചുപോയിക്കൊണ്ടിരിക്കുകയാണ്. അരപ്പട്ടിണിക്കാരും മുഴുപ്പട്ടിണിക്കാരും ചെരുപ്പ് കുത്തികളും വെള്ളംകോരികളുമായ കേരളം മുസ്‌ലിം സമൂഹത്തെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർ ത്തിയവർ അതിന് സ്വീകരിച്ച രീതിയെന്തെന്ന് ആഴത്തിൽ പഠിക്കേതുണ്ട്. ഒരു മനുഷ്യന് ചരിത്ര ബോധം അനിവാര്യമാണ്. അത് നൽകുന്ന ഉൾക്കാഴ്ചയും ദീർഘവീക്ഷണവുമാണ് അയാളുടെ പാഥേയം. അതില്ലാതെ മുന്നോട്ട് പോവുക അസാധ്യം. അടിസ്ഥാനപരമായി മത, ഭൗതിക വിദ്യാഭ്യാസം സംയോജിപ്പിച്ച നവോത്ഥാന ശ്രമങ്ങളാണ് കേരളത്തിലെ മുസ്‌ലിം നവോത്ഥാന നായകർ മുന്നോട്ട് വെച്ചത്. അതുകൊണ്ട് തന്നെയാണ് കഴിഞ്ഞ ഒരു നൂറ്റാണ്ട് കാലത്ത് കേരളത്തിലെ മുസ്‌ലിം സമൂഹത്തിന് അസൂയാവഹമായ വളർച്ച നേടിയെടുക്കാൻ സാധിച്ചതും. സച്ചാർ അടക്കമുള്ള, ഇന്ത്യയിലെ മുസ്‌ലിം സമൂഹത്തിന്റെ അവസ്ഥകളെ കുറിച്ച് പഠിച്ച കമ്മീഷനുകളുടെ കണ്ടെത്തലുകൾക്ക് കേരളം ഒരു തി

**കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ രംഗത്തും ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിലും നാം വളരെ മുന്നേറിയിരിക്കുന്നു. തോൽവിയറിയാതെ വിജപീഠം ഓടിക്കയറുകയാണ് വിദ്യാർഥികൾ. അതിൽ ഉണ്ടാകുന്ന ചെറിയ ഇടർച്ച പോലും അവരെ വല്ലാതെ തളർത്തിക്കളയുന്നു എന്നത് നാം ഏറെ ഗൗരവത്തോടെ കാണേണ്ട വിഷയം തന്നെ. തങ്ങളുടെ കഴിവും പ്രാപ്തിയും അനുസരിച്ചുള്ള കോഴ്സുകൾ തിരഞ്ഞെടുക്കാൻ ഓരോരുത്തർക്കും സാധ്യമാണ്. മാതാപിതാക്കളും കുടുംബവും ഒരുവേള സമൂഹവും ചെലുത്തുന്ന സമ്മർദങ്ങൾക്ക് വഴങ്ങി, തനിക്ക് പ്രാപ്യമല്ലാത്ത കോഴ്സുകൾ ചെയ്യേണ്ടി വരുന്ന വിദ്യാർഥികൾ മാനസിക സംഘർഷങ്ങൾക്ക് വിധേയരാവുകയും പാതിവഴിയിൽ കോഴ്സോ അല്ലെങ്കിൽ ജീവിതം തന്നെയോ അവസാനിപ്പിച്ച് പോകുകയോ ചെയ്യുന്നത് വർത്തമാനകാല യാഥാർഥ്യമാണ്. ഇതിന് ഇടവരുത്താതെ ഓരോ വിദ്യാർഥിക്കും അവന്റെ അഭിരുചിക്കും കഴിവിനും അനുസരിച്ചുള്ള കോഴ്സുകൾ തിരഞ്ഞെടുക്കാനും പഠിക്കാനും ഉള്ള അന്തരീക്ഷം ഉണ്ടാവണം.**

രുത്തായി മാറിയത് നമ്മുടെ മുഗാമികളുടെ ദീർഘവീക്ഷണത്തിന്റെ ഫലമാണ്. ഇന്നത്തെ സമൂഹം ഇതിന്റെ ഉപയോക്താക്കളാണ്; പക്ഷേ, അവർ ചരിത്രത്തെ വിസ്മരിക്കുകയാണ്.

ഭൗതിക വിദ്യാഭ്യാസ രംഗത്ത് ഈ നൂറ്റാണ്ടിൽ ഉണ്ടായ കുതിച്ചുചാട്ടവും സാങ്കേതിക വിദ്യയുടെ മുന്നേറ്റവും ലോകം വിരൽത്തുമ്പിൽ ഒതുങ്ങിയതും നന്മയോടൊപ്പം തിന്മകളുടെ കുത്തൊഴുക്കിനും കാരണമായി. അതിന്റെ ദുരന്തം നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. വിവര സാങ്കേതിക വിദ്യയുടെ ആയിരം നന്മകൾ നമുക്കും പുതു തലമുറക്കും ഉപയോഗപ്പെടുത്താൻ ഉണ്ടെങ്കിലും അതിന്റെ അത്രതന്നെ തിന്മകളുടെ കേദാരമാണ് വെർച്യുൽ വേൾഡ്. സമൂഹത്തിൽ തിന്മകളുടെ വ്യാപനം മുമ്പത്തെക്കാൾ വേഗതയിൽ നടന്നുകൊണ്ടിരിക്കുന്നു. അത് ഒരു മറയും കൂടാതെ, പുരോഗമനത്തിന്റെ കുപ്പായമണിഞ്ഞ് വീടകങ്ങളിലും വിരൽത്തുമ്പിലും എത്തിനിൽക്കുന്നു.

മദ്റസകൾ കേരള മുസ്‌ലിം നവോത്ഥാന ചരിത്രത്തിൽ അനൽപമായ പങ്ക് വഹിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. ആ മദ്റസകൾ ഇന്ന് ഇവിടെ എത്തിനിൽക്കുന്നു എന്ന് ആലോചിച്ചാൽ ഇത്തരം സാഹചര്യങ്ങൾ എങ്ങനെയുണ്ടായി എന്ന് ബോധ്യമാകും. ഭൗതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ രാവിലെ മദ്റസ സമയം കവർന്നെടുത്ത് രക്ഷിതാക്കളുടെ കണ്ണിൽ പൊടിയിടാൻ ഒരു മണിക്കൂർ മോറൽ ക്ലാസ്സ് വാഗ്ദാനം ചെയ്യുകയാണ്. മദ്റസകൾ പലതും വീക്കെൻഡ് ആയി. അന്നാകട്ടെ കല്യാണവും സൽക്കാരവും വിരുന്നുപോക്കുമായി പല കുട്ടികളും ക്ലാസ്സ് മുടക്കുകയും ചെയ്യുന്നു.

പുതുതലമുറ മതവിദ്യാഭ്യാസം ലഭിക്കാത്തവരായി വളരുകയാണ്. വളരെ ചെറുപ്രായത്തിൽ മദ്റസകളിൽ നിന്ന് ലഭിക്കുന്ന അറിവുകൾക്കപ്പുറം തിരിച്ചറിവിന്റെ പ്രായത്തിൽ മതാധ്യാപനങ്ങൾ ലഭിക്കുന്ന ഇടങ്ങൾ അവർക്ക് അന്യമായി. പഠനത്തിന്റെയും പരീക്ഷയുടെയും പേരു പറഞ്ഞ് അവർ അകറ്റി നിർത്തപ്പെട്ടു. മതം അവരുടെ വ്യക്തിത്വ സ്വഭാവ രൂപീകരണത്തിൽ വലിയ പങ്കുവഹിക്കാതെ വന്നു. അവർ ഭൗതികതയുടെ പളപളപ്പിൽ മുന്നോട്ട് പോയപ്പോൾ മാതാപിതാക്കളും സമൂഹവും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പ്രതിസന്ധികൾക്ക് മുന്നിൽ പിടിച്ചു നിൽക്കാനാവാതെ ജീവിതത്തിൽ നിന്ന് ഒളിച്ചോടുന്നതിലേക്ക് ഇത് അവരെ നയിക്കുകയാണ്.

ഉയർന്ന കോഴ്സുകൾ ചെയ്യുന്ന പലർക്കും ഇസ്‌ലാമിക വേഷവും ആരാധനകളും അത്ര പിടിക്കുന്നില്ല. അങ്ങനെ മതത്തെ ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്ന സഹപാഠികളെ പരിഹസിക്കുവാനും ഇക്കൂട്ടർ മടിക്കാറില്ല! ഈ പോക്ക് അപകടത്തിലേക്കാണ്.

സമയം വൈകിയിട്ടില്ല. പുതുതലമുറയെ ജീവിതത്തിന്റെ യഥാർഥ ലക്ഷ്യമെന്തെന്ന് ബോധ്യപ്പെടുത്തണം. ഇഹലോക നശ്വരതയും പരലോകത്തിന്റെ അനശ്വരതയും അവർ മനസ്സിലാക്കണം. അല്ലാഹുവിൽ പങ്ക് ചേർക്കുക എന്ന ഏറ്റവും വലിയ പാപം ചെയ്തവന് പോലും പശ്ചാത്തപിച്ച് മടങ്ങാൻ അവസരമുണ്ടെന്നും അതിലൂടെ മരണാനന്തര ജീവിതം സുരക്ഷിതമാക്കാൻ സാധ്യമാണെന്നും ഉദ്ബോധിപ്പിക്കുന്നു ഇ



ത്താനും നാം കൊതിക്കും.

അല്ലാഹു പറയുന്നു: "നിങ്ങൾ അറിയുക: ഇഹലോകജീവിതമെന്നാൽ കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുകളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്. ഒരു മഴ പോലെ. അതുമൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീടതു തുരുമ്പായിപ്പോകുന്നു. എന്നാൽ പരലോകത്ത് (ദുർവൃത്തർക്ക്) കഠിനമായ ശിക്ഷയും (സദ്‌വൃത്തർക്ക്) അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്. ഐഹികജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല" (ക്വുർആൻ 57:20).

ഈ ക്വുർആനിക വചനം ഒരു മനുഷ്യന്റെ ജീവിതത്തിലെ വിവിധ ഘട്ടങ്ങൾ വരച്ചുകാണിക്കുന്നു. ശൈശവവും കൗമാരവും യുവത്വവും കടന്ന് വാർധക്യത്തിൽ എത്തി ഇഹലോകവാസം അവസാനിക്കുന്നു. ഇതെല്ലാം ജീവിതത്തിൽ വന്നാലും ഇല്ലെങ്കിലും പരലോകത്ത് നന്മയ്ക്ക് പ്രതിഫലവും തിന്മയ്ക്ക് ശിക്ഷയും ഉണ്ടെന്ന ബോധ്യമാണ് നമ്മെ നയിക്കേണ്ടത്. പരലോകത്ത് നന്മയുടെ മധുരം നുകരാൻ നമ്മുടെ ഇളം തലമുറയെ പ്രാപ്തരാക്കണം.

വിദ്യാർഥികളുടെ സ്വഭാവ രൂപീകരണത്തിലും ജീവിത ലക്ഷ്യത്തിലും അവരുടെ കൂട്ടുകാർക്ക് വലിയ പങ്കുണ്ട്. വിദ്യാലയങ്ങളിൽ അവരെ ചേർക്കുന്നതോടെ തീരുന്നില്ല രക്ഷിതാക്കളുടെ ബാധ്യത. മറിച്ച് അവരുടെ ക്യാമ്പസ് സാഹചര്യങ്ങൾ മനസ്സിലാക്കുകയും കൂട്ടുകെട്ടുകളെ കുറിച്ച് കൃത്യമായ ബോധ്യം ഉണ്ടാവുകയും വേണം. മദ്യം, മയക്കുമരുന്ന് തുടങ്ങിയ തിന്മകളുടെ വാതിൽ തുറക്കപ്പെടുന്നത് കൂട്ടുകാരിലൂടെയാണ്; ഹോസ്റ്റൽ ജീവിതം നയിക്കുന്നവരിൽ പ്രത്യേകിച്ച്. കേരളത്തിന് പുറത്ത് പഠിക്കുന്ന കുട്ടികൾ യാത്രയിൽ കാണിക്കുന്ന തോന്നിവാസങ്ങൾ പലപ്പോഴും പലരും സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവെക്കാറുണ്ട്. അപകടകരമായ ഇത്തരം പ്രവണതകൾ രക്ഷിതാക്കളുടെ അനാസ്ഥയുടെ പ്രതിഫലനങ്ങളാണ്.

നബിﷺപറഞ്ഞു: "ഒരാൾ തന്റെ സ്നേഹിതന്റെ മതത്തിലായിരിക്കും. അതിനാൽ നിങ്ങളിലോരോരു

സ്ലാം. എങ്കിൽ പിന്നെ അതിന് താഴെയുള്ള മുഴുവൻ പാപങ്ങളും പൊറുത്ത് മാപ്പുനൽകാൻ കാരുണ്യവാനായ നാഥൻ തയ്യാറാണ് എന്ന തിരിച്ചറിവ് ഏത് പ്രതിസന്ധി ഘട്ടങ്ങളിലും ഒരാൾക്ക് നൽകുന്ന പ്രതീക്ഷയും ഊർജവും ചെറുതല്ല.

അല്ലാഹു പറയുന്നു: "നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു" (ക്വുർആൻ 67:2).

ഇഹലോക ജീവിതത്തോട് ഒരു വിശ്വാസിക്ക് ഉണ്ടാവേണ്ട സമീപനത്തെ പ്രവാചകൻ പഠിപ്പിക്കുന്നത് കാണുക: അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه പറയുന്നു: "പ്രവാചകൻﷺ എന്റെ തോളിൽപിടിച്ച് പറഞ്ഞു: 'ജീവിതത്തിൽ നീ ഒരു വിദേശിയെ പോലെയോ വഴിയാത്രക്കാരനെ പോലെയോ ആവുക."

ജീവിതത്തിൽ ദിനേന നിരവധി യാത്രകൾ നടത്തുന്ന നമുക്ക് ഈ അധ്യാപനം മനസ്സിലാക്കുക എന്തെളുപ്പം ലക്ഷ്യത്തിൽ എത്തുവാനുള്ള യാത്രയിൽ എന്ത് പ്രതിസന്ധിയും പ്രയാസവും ഉണ്ടായാലും അതൊന്നും കാര്യമാക്കാതെ നമ്മുടെ പ്രയാണം തുടരും. ആ ലക്ഷ്യം തെറ്റാതെ നോക്കാനും ലക്ഷ്യസ്ഥാനത്ത് സുരക്ഷിതമായി എ

ത്തരും താൻ കൂട്ടുകൂടുന്നവരെ കുറിച്ച് ചിന്തിച്ചു നോക്കട്ടെ" (അബൂദാവൂദ്, തിർമിദി).

അല്ലാഹു പറയുന്നു: "സുഹൃത്തുക്കൾ ആ ദിവസം അന്യോന്യം ശത്രുക്കളായിരിക്കും. സൂക്ഷ്മത പാലിക്കുന്നവരൊഴികെ" (ക്വുർആൻ 43:67).

കൂട്ടുകാരെ തിരഞ്ഞെടുക്കുമ്പോൾ മുകളിൽ പറഞ്ഞ അധ്യാപനങ്ങൾ ഏവർക്കും വെളിച്ചമാകണം. മക്കളെ അത് ബോധ്യപ്പെടുത്തുകയും വേണം.

പ്രവാചകൻﷺ പറഞ്ഞു: "നല്ല കൂട്ടുകാരന്റെയും ചീത്തകൂട്ടുകാരന്റെയും ഉപമ കസ്തൂരി വാഹകന്റെയും ഉലയിൽ ഊതുന്നവന്റെയും പോലെയാണ്. കസ്തൂരി വാഹകൻ ഒന്നുകിൽ അതിൽ നിന്നും നിനക്ക് നൽകിയേക്കും. അല്ലെങ്കിൽ നിനക്ക് അവനിൽ നിന്ന് വിലകൊടുത്തു വാങ്ങാം. അതുമല്ലെങ്കിൽ അതിന്റെ പരിമളം അതിൽ നിന്നും നിനക്ക് ആസ്വദിക്കാം. എന്നാൽ ഉലയിൽ ഊതുന്നവനാകട്ടെ; ഒന്നുകിൽ നിന്റെവസ്ത്രം (ആ തീപ്പൊരികൾ കൊണ്ട്) കരിച്ചുകളയും. അല്ലെങ്കിൽ (അഴുക്കിന്റെയും വിയർപ്പിന്റെയും) ദുർഗന്ധമായിരിക്കും അവനിൽ നിന്ന് നിനക്ക് ലഭിക്കുക" (ബുഖാരി, മുസ്‌ലിം).

കൂട്ടുകാരുടെ നന്മകളും തിന്മകളും അവരുടെ സൗഹൃദ വലയങ്ങളിലേക്ക് വ്യാപിക്കും എന്ന് വ്യക്തം. ഇന്ത്യയിലെ ഏത് ക്യാമ്പസിൽ പഠിച്ചാലും മതപരമായ ഒരു സൗഹൃദവലയം തീർക്കാൻ വിദ്യാർഥികൾക്ക് കഴിയണം. അതിൽ നമ്മുടെ മക്കളും കണ്ണികളാണെന്ന് ഉറപ്പ് വരുത്തുകയും വേണം. അതും പോരാ, മതപരമായ കാര്യങ്ങൾ നമ്മുടെ മക്കൾ ജീവിതത്തിൽ നിർവഹിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തണം. എന്നും അവരെ വിളിക്കുകയും നമസ്കാരവും ക്വുർആൻ പാരായണവും ഇസ്‌ലാമിക വസ്ത്രധാരണവും തുടങ്ങി അവർ ഇസ്‌ലാമിക അധ്യാപനങ്ങളെല്ലാം ജീവിതത്തിൽ പുലർത്തുന്നുണ്ടെന്ന് മാതാപിതാക്കൾ എന്നും ഉറപ്പ് വരുത്തണം.

**വിദ്യാർഥികളുടെ സ്വഭാവ രൂപീകരണത്തിലും ജീവിത ലക്ഷ്യത്തിലും അവരുടെ കൂട്ടുകാർക്ക് വലിയ പങ്കുണ്ട്. വിദ്യാലയങ്ങളിൽ അവരെ ചേർക്കുന്നതോടെ തീരുന്നില്ല രക്ഷിതാക്കളുടെ ബാധ്യത. മറിച്ച് അവരുടെ ക്യാമ്പസ് സാഹചര്യങ്ങൾ മനസ്സിലാക്കുകയും കൂട്ടുകെട്ടുകളെ കുറിച്ച് കൃത്യമായ ബോധ്യം ഉണ്ടാവുകയും വേണം. മദ്യം, മയക്കുമരുന്ന് തുടങ്ങിയ തിന്മകളുടെ വാതിൽ തുറക്കപ്പെടുന്നത് കൂട്ടുകാരിലൂടെയാണ്; ഹോസ്റ്റൽ ജീവിതം നയിക്കുന്നവരിൽ പ്രത്യേകിച്ച്. കേരളത്തിന് പുറത്ത് പഠിക്കുന്ന കുട്ടികൾ യാത്രയിൽ കാണിക്കുന്ന തോന്നിവാസങ്ങൾ പലപ്പോഴും പലരും സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവെക്കാറുണ്ട്. അപകടകരമായ ഇത്തരം പ്രവണതകൾ രക്ഷിതാക്കളുടെ അനാസ്ഥയുടെ പ്രതിഫലനങ്ങളാണ്.**

തനിക്ക് ചുറ്റും നന്മയുടെ വലയം ഉണ്ടെന്ന ബോധ്യം അവരെ തിന്മകളിൽ നിന്ന് തടയും. സ്വാഭാവികമായും സമപ്രായക്കാരുടെ സാമീപ്യവും ഇടപെടലുകളും ഏതൊരാളെയും സ്വാധീനിക്കും. വിസ്ഡം സ്റ്റുഡന്റ്സ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ വിദ്യാർഥികൾക്ക് ഇത്തരം ധാർമിക സൗഹൃദ വലയങ്ങൾ ഇന്നുണ്ട്. അവർക്ക് മത പഠനത്തിനുള്ള വിവിധ പദ്ധതികളും സജീവമായി നടന്നുവരുന്നു.

മക്കളെ നന്മകൾ ഉപദേശിക്കൽ മാതാപിതാക്കളുടെ ബാധ്യതയാണ്. ക്വുർആൻ അത് നമ്മെ തെര്യപ്പെടുത്തുന്നു:

"ലുക്മാൻ തന്റെ മകന് സദുപദേശം നൽകിക്കൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു"(ക്വുർആൻ 31:13).

"എന്റെ കുഞ്ഞുമകനേ, തീർച്ചയായും അത് (കാര്യം) ഒരു കടുക് മണിയുടെ തൂക്കമുള്ളതായിരുന്നാലും എന്നിട്ടത് ഒരു പാറക്കല്ലിനുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെ തന്നെ ആയാലും അല്ലാഹു അത് കൊണ്ടുവരുന്നതാണ്. തീർച്ചയായും അല്ലാഹു നയജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു. എന്റെ കുഞ്ഞുമകനേ, നീ നമസ്കാരം മുറപോലെ നിർവഹിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്. നീ (അഹങ്കാരത്തോ

ടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ചുകളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല. നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കുക. നിന്റെ ശബ്ദം നീ ഒതുക്കുകയും ചെയ്യുക...'' (ക്വുർആൻ 31:16-19).

കോഴ്സുകളും സർട്ടിഫിക്കറ്റുകളും ഈ ജീവിതയാത്രയിലെ ചില വിഭവങ്ങൾ മാത്രമാണ്. അത് ആത്യന്തിക ലക്ഷ്യമല്ല. ലക്ഷ്യം മറന്നുകൊണ്ട് സർട്ടിഫിക്കറ്റിന് പുറകെ പോകുന്നവർ ഹോമിക്കുന്നത് സ്വന്തം ജീവിതമാണ്. വിശുദ്ധ ക്വുർആനും പ്രവാചക ജീവിതവും വരച്ചുകാണിക്കുന്ന പ്രതിസന്ധികളുടെ, പ്രയാസങ്ങളുടെ ചരിത്രം നമുക്ക് പാഠം ഉൾക്കൊള്ളുവാൻ വേണ്ടിയാണ്.



അല്ലാഹുവിന്റെ കാരുണ്യത്തെയും അവന്റെ പാപമോചനത്തെയും കുറിച്ച് യുവതലമുറക്ക് കൃത്യമായ ബോധ്യമുണ്ടാകണം. അല്ലാഹു പറയുന്നു:

"എന്നാൽ, അക്രമം ചെയ്തു പോയതിനു ശേഷം വല്ലവനും പശ്ചാത്തപിക്കുകയും നിലപാട് നന്നാക്കി ത്തീർക്കുകയും ചെയ്താൽ തീർച്ചയായും അല്ലാഹു അവന്റെ പശ്ചാത്താപം സ്വീകരിക്കുന്നതാണ്. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമത്രെ'' (ക്വുർആൻ 5:39).

"ആരെങ്കിലും വല്ല തിൻമയും ചെയ്യുകയോ, സ്വന്തത്തോട് തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്തിട്ട് അല്ലാഹുവോട് പാപമോചനം തേടുന്ന പക്ഷം ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായി അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്'' (4:110).

കറയറ്റ ഹൃദയവുമായി സ്രഷ്ടാവിനെ കണ്ടുമുട്ടാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. എത്ര വലിയ വരുമാനമുള്ള ജോലിയുണ്ടെങ്കിലും അതിനെക്കാളെല്ലാം ഉപരി അല്ലാഹുവിന്റെ പ്രതിഫലമാണ് എന്ന് തിരിച്ചറിയണം.

"തീർച്ചയായും നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാകുന്നു. അല്ലാഹുവിങ്കലത്രെ അതിമഹത്തായ പ്രതിഫലമുള്ളത്'' (64:15).

നാം ധർമനിഷ്ഠ പാലിച്ച് ജീവിക്കുന്നുണ്ടോ എന്നാണ് അല്ലാഹു നോക്കുന്നത്. അവരാണ് അല്ലാഹുവിന്റെ ആദരവിന് പാത്രമാകുന്നവർ:

"ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു'' (49:13).

ഇന്ന് ഫാസിസ്റ്റ് വിരുദ്ധ പ്രക്ഷോഭങ്ങൾ നയിക്കുന്നത് വിദ്യാർഥികളാണ് എന്നത് ഏറെ പ്രതീക്ഷ നൽകുന്നു. അവർക്ക് ശരിയായ ചരിത്രബോധവും ആത്മവിശ്വാസവും വിശ്വാസദാർഢ്യവും നൽകേണ്ടത് നമ്മുടെ ബാധ്യതയാണ്. സമകാലിക പ്രശ്നങ്ങളെ, വെല്ലുവിളികളെ എങ്ങനെ നേരിടണം എന്നും വൈകാരികതക്ക് അടിമപ്പെടാതെ ലക്ഷ്യം നേടാൻ എന്ത് നിലപാടുകൾ സ്വീകരിക്കണം എന്നും അവരെ നാം ബോധ്യപ്പെടുത്തണം. ഇഹപര ജീവിതം നിഷ്ഫലമാക്കാതെ മുൻഗാമികളായ നമ്മുടെ നേതാക്കളും പണ്ഡിതന്മാരും കാണിച്ചുതന്ന തെളിഞ്ഞ പാതയിൽ അവരെ വഴിനടത്തണം. ●

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com



# അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ?

രാത്രിയിൽ നിന്നുകൊണ്ടും സുജൂദിൽ വീണുകൊണ്ടും വിനയാന്വിതനായി അല്ലാഹുവിന്റെ മുമ്പിൽ നമസ്‌കരിക്കുന്ന ഒരാൾ. അയാൾ പരലോകത്തെ ഭയപ്പെടുന്നു. അതിനെക്കുറിച്ച് അയാൾ ജാഗ്രതയിലാണ്. അത്യുദാരനായ നാഥന്റെ കാരുണ്യത്തെ അയാൾ പ്രതീക്ഷിക്കുകയുമാണ്. ഇങ്ങനെയുള്ള ഒരു അടിമയെ സംബന്ധിച്ച് പറഞ്ഞതിനുശേഷം അല്ലാഹു ചോദിക്കുന്ന സുപ്രധാനമായ ഒരു ചോദ്യം ക്വുർആനിൽ നമുക്കിങ്ങനെ വായിക്കാം:

"...പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാന്മാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ" (ക്വുർആൻ 39:9).

വളരെ അർഥവത്തായ ഒരു ചോദ്യമാണിത്. അറിവുള്ളവനും അറിവില്ലാത്തവനും സമമാവുകയില്ല എന്നതിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകുമെന്ന് തോന്നുന്നില്ല. അതിനുശേഷം അല്ലാഹു പറയുന്നു: 'ബുദ്ധിമാന്മാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ.'

അതെ, തന്റെ ബുദ്ധിശക്തിയെ ഉപയോഗിക്കുന്നവൻ മാത്രമാണ് ശരിയായ അറിവ് നേടി മുന്നോട്ടു പോകുന്നത്. മനുഷ്യബുദ്ധിയുടെ അടയാളം അറിവ് നേടുക എന്നതാണ്. അറിവ് നേടാൻ താൽപര്യം കാണിക്കാത്തവൻ തന്റെ ബുദ്ധിശക്തിയെ ശരിയായ രൂപത്തിൽ ഉപയോഗപ്പെടുത്താത്തവനാണ്. അതുകൊണ്ട് തന്നെ പരിശുദ്ധ ക്വുർആനിൽ ധാരാളം സ്ഥലങ്ങളിൽ മനുഷ്യനോട് അവന്റെ ബുദ്ധിയെ ഉപയോഗപ്പെടുത്തുവാൻ പറയുന്നത് നമുക്ക് കാണുവാൻ സാധിക്കും.

അറിവുള്ളവരും അറിവില്ലാത്തവരും ഒരുപോലെയാണോ എന്ന ചോദ്യം നമ്മുടെ മനസ്സുകളിലേക്ക് ആണ്ടിറങ്ങണം. അറിവുള്ളവൻ ഏറെ മഹത്ത്വം ഉള്ളവനാണ്. യഥാർഥത്തിൽ മനുഷ്യന്റെ ശരിയായ ധർമം നിർവഹിക്കുന്നത് അറിവുള്ളവർ മാത്രമാണ്. 'നിങ്ങൾ മനസ്സിലാക്കുന്നില്ലേ, നിങ്ങൾ പഠിക്കുന്നില്ലേ, നിങ്ങൾ ആലോചിക്കുന്നില്ലേ' എന്നിങ്ങനെ ആവർത്തിച്ച് കൊണ്ടുള്ള ചോദ്യം അറിവിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.

ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരും ഇല്ല എന്ന സന്ദേശം പോലും കേവലം നാവുകൊണ്ട് ഉച്ചരിക്കേണ്ടതല്ല, പഠിച്ച് അർഥം മനസ്സിലാക്കി പറയേണ്ടതാണ് എന്നാണ് ക്വുർആൻ നൽകുന്ന പാഠം(47:19). ഏതു കാര്യവും നാം പഠിച്ചു പറയുമ്പോഴാണ് അത് അർഥവത്തായിത്തീരുന്നത്. ഏതൊരു കർമവും അറിവിന്റെ പിൻബലത്തോടുകൂടി ചെയ്യുമ്പോഴാണ് അതിനു മൂല്യമുണ്ടാവുന്നതും. ഇമാം ബുഖാരി(റഹി) അദ്ദേഹത്തിന്റെ ഹദീഥ് ഗ്രന്ഥത്തിൽ ഒരു അധ്യായത്തിന് നൽകിയ പേര് പോലും ശ്രദ്ധേയമാണ്. 'ഏതൊരു കാര്യവും പറയുന്നതിനും പ്രവർത്തിക്കുന്നതിനും മുമ്പ് അറിവ് നേടുന്നതിന്റെ പ്രാധാന്യം വിശദീകരിക്കുന്ന അധ്യായം' എന്നാണത്.

ജീവിതത്തിൽ പരാജയപ്പെട്ടുപോയ ആളുകളെക്കുറിച്ച് പരാമർശിക്കുന്നിടത്ത് ക്വുർആൻ പറയുന്നത് അവരുടെ പരാജയത്തിന് കാരണം അവർ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യാതിരുന്നു എന്നതാണ്.

പ്രവാചകൻﷺ പറഞ്ഞു: 'അറിവ് അന്വേഷിച്ചുകൊണ്ട് ആരെങ്കിലും ഒരു വഴിയിൽ ഇറങ്ങിപ്പുറപ്പെട്ടാൽ അവന്റെ ആ വഴിയെ അല്ലാഹു സ്വർഗത്തിലേക്ക് എളുപ്പമാക്കികൊടുക്കും.' സ്വർഗാവകാശിയാകുവാൻ,ജീവിതത്തിൽ വിജയം നേടാൻ അറിവ് തേടുകതന്നെ വേണം. അത് താനെ കൈവരില്ല. സർവശക്തനായ അല്ലാഹു നൽകിയ കണ്ണും കാതും ബുദ്ധിശക്തിയും ഉപയോഗിച്ച് ശരിയായ അറിവ് നേടിയെടുക്കുക. ●

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com

ലേഖനം

ഫാഷിസം: ചരിത്രം ആവർത്തിക്കുന്നുവോ? 6



# ഗോവധനിരോധനത്തിലെ മതവും രാഷ്ട്രീയവും

"You will be surprised to know that according to ancient Hindu rites and rituals, a man cannot be a good Hindu who does not eat beef. On certain occasions, he must sacrifice a bull and eat it"

"...ഇക്കാര്യം അറിയുമ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടേക്കാം, പുരാതനകാല ആചാരങ്ങൾ പ്രകാരം കാലികളുടെ മാംസം (യലലള) കഴിക്കാത്തവരെ നല്ല ഹിന്ദുവായി കണക്കാക്കിയിരുന്നില്ല. ചില സന്ദർഭങ്ങളിൽ അവൻ നിർബന്ധമായും കാളയെ അറുത്ത് ഭക്ഷിക്കണമായിരുന്നു" (The Complete Works of Swami Vivekanand, vol.3, p. 536).

### പശുസംരക്ഷകർ അഴിഞ്ഞാടുമ്പോൾ

പശുക്കളെക്കാൾ കൂടുതൽ പശുസംരക്ഷകരുള്ള ഒരു സാഹചര്യമാണ് ഇന്ന് ഇന്ത്യയിലുള്ളത്. ചില സംസ്ഥാനങ്ങളിൽ ഗോവധം മാത്രമാണ് നിരോധിക്കപ്പെട്ടിട്ടുള്ളതെങ്കിൽ വേറെ

ചില സംസ്ഥാനങ്ങളിൽ കാളയെ കൊല്ലുന്നതും നിരോധിക്കപ്പെട്ടിട്ടുണ്ട്. ചില സ്ഥലങ്ങളിൽ പശുവിനെ അറുത്തതിന്റെ പേരിൽ അക്രമം അഴിച്ചുവിടുമ്പോൾ വേറെ ചില സ്ഥലങ്ങളിൽ കാളയെ അറുത്തതിന്റെ പേരിലും വേണ്ടി വന്നാൽ ആടിനെ അറുത്തവനെ പോലും പശുസംരക്ഷകർ ആക്രമിക്കാറും അടിച്ചു കൊല്ലാറുമുണ്ട്. കഴിഞ്ഞ ബി.ജെ.പി സർക്കാറിന്റെ കാലത്ത് ഇങ്ങനെ 28 ഓളം പേരാണു മരിച്ചത്.

പശുസംരക്ഷകർ പറയുന്ന ന്യായം പശു ദൈവമാണെന്നും മാതാവാണെന്നുമൊക്കെയാണ്. എന്നാൽ ഇവിടെ നാം അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട്; ഗോവധം തീർത്തും പാടില്ല എന്ന് പറയാൻ പുരാതന ഹൈന്ദവ ഗ്രന്ഥങ്ങളിൽ തെളിവില്ല എന്നതാണത്. പശുവിന്റെയും കാളയുടെയും മാംസം പുരാതന ഇന്ത്യയിലെ ആളുകൾ കഴിച്ചിരുന്നു എന്നതിന് തെളിവുണ്ട് താനും.

## ഗോവധം പൗരാണിക ഗ്രന്ഥങ്ങളിൽ

(1) ഇന്ദ്രൻ പശുവിന്റെയും കാളയുടെയും കുതിരയുടെയും പോത്തിന്റെയും മാംസം കഴിച്ചിരുന്നതായി ഋഗ്വേദം 6/17/1 പറയുന്നു.

(2). പെൺകുട്ടികളുടെ വിവാഹ സന്ദർഭത്തിൽ കാളയെയും പശുവിനെയും അറുത്തിരുന്നതായി ഋഗ്വേദം 10/85/13 ൽ കാണാം.

(3) ആപസ്തംപ ഗൃഹസൂത്രം 1/3/10ൽ കാണാം: "അതിഥികൾ വരുന്ന സമയത്തും മരണപ്പെട്ടവരുടെ ശ്രാദ്ധത്തിനും വിവാഹ സന്ദർഭത്തിലും പശുവിനെ അറവു ചെയ്യണം."

(4) ചരിത്രകാരനായ ആർ.സി.മജുംദാർ എഴുതുന്നു: "രാജാവായിരുന്ന രന്ദി ദേവൻ ദിവസവും 2000 പശുക്കളെയും ഒപ്പം 2000 മറ്റു മൃഗങ്ങളെയും അറുത്ത് അവയുടെ മാംസം ദാനം ചെയ്തിരുന്നതായി മഹാഭാരതത്തിൽ പറയുന്നുണ്ട്." (The history and culture of Indian people R.C. Majumdar, Volume2, page: 578).

(5) ബൃഹദാരണ്യകോപനിഷത്ത് 6/4/18 ന്റെ വ്യാഖ്യാനത്തിൽ ആദി ഗുരു ശങ്കരാചാര്യർ പറയുന്നു: "ധാന്യാഹരവും മാംസവും ചേർത്തുണ്ടാക്കുന്നതാണു 'മൻസോദൻ.' അപ്പോൾ അദ്ദേഹത്തോട് ചോദിക്കപ്പെട്ടു: 'എന്തിന്റെ മാംസമായിരിക്കണമത്?' അദ്ദേഹം പറഞ്ഞു: 'ഉക്ഷത്തിന്റെ (കാള) മാംസം."


(6) ബ്രാഹ്മണന്മാർ പോലും വേദകാലത്ത് മാംസം കഴിച്ചിരുന്നതായി കാണാം: "ശ്രാദ്ധത്തിന്റെ സമയത്ത് നൽകപ്പെടുന്ന മാംസം കഴിക്കാൻ ബ്രാഹ്മണൻ വിസമ്മതിച്ചാൽ അവൻ നരകത്തിൽ പോകും" (വസിഷ്ഠധർമ്മ സൂത്രം 11/34).


(7) പ്രാചീന ഭാരത ചരിത്ര പണ്ഡിതനായ കെ. ദാമോദരൻ എഴുതുന്നു: "ആദ്യകാലത്ത് ബ്രാഹ്മണർ മാംസം ഭക്ഷിക്കുക പതിവായിരുന്നു. പശുമാംസം പോലും അവർ ഭക്ഷിച്ചിരുന്നു എന്നാണു ചില പണ്ഡിതർ ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ മധ്യകാലത്തെ ബ്രാഹ്മണർ ഇന്ത്യയിലെ മിക്ക സ്ഥലങ്ങളിലും ബുദ്ധ, ജൈന മതങ്ങളുടെ സ്വാധീനം കാരണം സസ്യഭുക്കുകളായി മാറി. വർണാശ്രമ വ്യവസ്ഥയുടെ ആരംഭകാലത്ത് വിഗ്രഹാരാധനക്ക് സ്ഥാനമുണ്ടായിരുന്നില്ല. ഹിന്ദുമതത്തിലെ വിഗ്രഹാരാധന ബുദ്ധന്മാരിൽ നിന്ന് സ്വീകരിച്ചതാണ്. വർണാശ്രമ വ്യവസ്ഥയുടെ കാലത്തില്ലാതിരുന്ന ക്ഷേത്രങ്ങൾ ബുദ്ധവിഹാരങ്ങളുമായുള്ള മൽസരത്തിലൂടെയാണു വർധിച്ചു വന്നത്" (ഭാരതീയ ചിന്ത, പേജ് 276, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1992).

കെ.ദാമോദരൻ പറയുന്ന പ്രകാരം പ്രാചീന കാലത്ത് ബ്രാഹ്മണരടക്കമുള്ള ഹിന്ദുക്കൾ പശുമാംസം കഴിച്ചിരുന്നു. അവർ വിഗ്രഹാരാധകരായിരുന്നില്ല. പശുമാംസത്തിനുള്ള വിലക്കും വിഗ്രഹാരാധനയും പിന്നീട് വന്നതാണ്.

## സ്വാമി വിവേകാനന്ദനും ബീഫും

സ്വാമി വിവേകാനന്ദൻ പശു മാംസമടക്കമുള്ള ബീഫ് കഴിക്കാമെന്ന അഭിപ്രായക്കാരനായിരുന്നു. നാം ഈ ലേഖനത്തിന്റെ തുടക്കത്തിൽ വിവേകാനന്ദനെ ഉദ്ധരിച്ചത് ശ്രദ്ധിച്ചിരിക്കുമല്ലോ. സ്വാമി അമേരിക്കയിൽ ലോക മത സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയപ്പോൾ ബീഫ് കഴിച്ചതായി സമ്മേളനത്തിന്റെ സംഘാടകനായ ഡോ. Barrow പറയുന്നത് കാണുക:






**ലോക രാഷ്ട്രങ്ങളിലെ ബീഫ് കയറ്റുമതിയുടെ കണക്ക്**

“മത സമ്മേളനത്തിന്റെ ഒന്നാം സെഷൻ കഴിഞ്ഞ ശേഷം ഞാൻ സ്വാമി വിവേകാനന്ദനെയും കൂട്ടി താഴെയുള്ള ഒരു റസ്റ്റോറന്റിലേക്ക് പോയി. ഞാൻ അദ്ദേഹത്തോട് ചോദിച്ചു: ‘എന്താണ് അങ്ങേക്ക് കഴിക്കാൻ വേണ്ടത്?’ വിവേകാനന്ദൻ പറഞ്ഞു: ‘ബീഫ് ആവട്ടെ’’ (1897 ജുലൈ മാസത്തിലെ Outlook മാഗസിനിൽ Dr. Barrow തന്നെ എഴുതിയതാണിത്).

അവിടെവച്ച് അദ്ദേഹം ബീഫ് കഴിച്ചു എന്ന് മാത്രമല്ല, അദ്ദേഹം അതിഥിയായി താമസിച്ചിരുന്ന വീട്ടിലെ അമേരിക്കക്കാരനായ ഒരു കുട്ടിയെയും കൂട്ടി പുറത്ത് പോയി ബീഫ് വാങ്ങിക്കഴിച്ചു എന്ന് സ്വാമിയുടെ ശിഷ്യയായ Sister Gargi എഴുതിയ Swami Vivekananda in the west: New discoveries എന്ന പുസ്തകത്തിൽ കാണാം.

**പശുസംരക്ഷകനോട് ദേഷ്യപ്പെട്ട സ്വാമി വിവേകാനന്ദൻ**

പശുസംരക്ഷണ സേന ഇന്നും ഇന്നലെയും തുടങ്ങിയതല്ല, അതിനു 100-150 വർഷത്തെ പഴക്കമുണ്ട്. സ്വാമി വിവേകാനന്ദനെ കൽക്കത്തയിലെ ബേലൂർ മഠത്തിൽ വെച്ച് ഒരു ഗോരക്ഷകൻ കാണാൻ വന്ന സംഭവം അദ്ദേഹത്തിന്റെ ശിഷ്യൻ ശരത് ചന്ദ്ര ചക്രബർത്തി രേഖപ്പെടുത്തുന്നത് കാണുക:

“പശുസംരക്ഷണ സേനയിൽ പെട്ട് ആവേശഭരിതനായ ഒരു വ്യക്തി സ്വാമിജിയെ കാണാൻ വന്നു. അയാൾ ഒരു സന്യാസി വേഷധാരിയാണ്. തലയിൽ ഒരു തലപ്പാവുമുണ്ട്. സ്വാമിജി അയാളെ കാണാൻ വന്നു. ഈ വ്യക്തി സ്വാമിയെ വണങ്ങുകയും ഗോമാതാവിന്റെ ഒരു ചിത്രം പാരിതോഷികമായി നൽകുക യും ചെയ്തു.

വിവേകാനന്ദൻ: ‘എന്താണു നിങ്ങളുടെ സംഘടനയുടെ പ്രവർത്തനങ്ങൾ?’

ആഗതൻ: ‘ഞങ്ങൾ ഗോമാതാവിനെ അറവുകാരുടെ കയ്യിൽ നിന്നും സംരക്ഷിക്കുന്നു. ഞങ്ങൾക്ക് പശു ശാലയുണ്ട്. രക്ഷിച്ചു കൊണ്ടുവരുന്ന പശുക്കളെ ഞങ്ങൾ അവിടെ സംരക്ഷിക്കും.’

വിവേകാനന്ദൻ: ‘എന്താണു നിങ്ങളുടെ സംഘടനയുടെ വരുമാന മാർഗം?’

ആഗതൻ: ‘താങ്കളെ പോലുള്ള വലിയവർ നൽകുന്ന സംഭാവനകളാണു ഞങ്ങളുടെ വരുമാനം.’

വിവേകാനന്ദൻ: ‘നിങ്ങളുടെ കയ്യിൽ ഇപ്പോൾ എത്ര പണം (ഫണ്ട്) ഉണ്ട്?’

ആഗതൻ: ‘മാർവാഡികളായ കച്ചവടക്കാർ ഞങ്ങൾക്ക് നന്നായി സംഭാവന ചെയ്യാറുണ്ട്.’

വിവേകാനന്ദൻ: ‘ഇന്ത്യയുടെ മധ്യസംസ്ഥനങ്ങൾ ഇപ്പോൾ ക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. 9 ലക്ഷം ആളുകൾ അതിൽ മരണപ്പെട്ടതായി പത്ര വാർത്ത വന്നിട്ടുണ്ട്. നിങ്ങളുടെ സംഘടന അവർക്ക് എന്തെങ്കിലും സഹായം ചെയ്തോ?’

ആഗതൻ: ‘ഞങ്ങൾ അത്തരത്തിലുള്ള സഹായങ്ങൾ ചെയ്യാറില്ല. ഈ സംഘടനയുടെ ഉദ്ദേശ്യം പശുസംരക്ഷണമാണ്.’

വിവേകാനന്ദൻ: ‘ഇങ്ങനെ ഒരു വരൾച്ച നേരിടുമ്പോൾ, നിങ്ങളുടെ സഹോദരങ്ങളായ ലക്ഷക്കണക്കിനു മനുഷ്യർ മരിച്ചുവീഴുമ്പോൾ നിങ്ങൾക്ക് കഴിവുണ്ടായിട്ടും അവർക്ക് അൽപം ഭക്ഷണമെത്തിച്ച് സഹായിച്ചു കൂടേ?’

ആഗതൻ: ‘അല്ല, ഇത് (വരൾച്ച) അവരുടെ കർമഫലം (പാപഫലം) ആണ്.’

ഇത് കേട്ട സ്വാമി വിവേകാനന്ദന്റെ മുഖം ദേഷ്യം കൊണ്ട് ചുവക്കുകയും കണ്ണിൽ കോപാഗ്നി കാണപ്പെടുകയും ചെയ്തു. അദ്ദേഹം പറഞ്ഞു:

‘മനുഷ്യരോട് സ്നേഹം കാണിക്കാത്ത, വരൾച്ചയുടെ സമയത്ത് അവർക്ക് ഭക്ഷണവും വെള്ളവും കൊടുക്കാതെ മൃഗങ്ങളെയും പക്ഷികളെയും സേവിക്കുന്ന നിങ്ങളുടെ സംഘടനയോടെനിക്ക് ഒട്ടും മതിപ്പില്ല. അത്തരം സംഘടനകളിൽനിന്ന് സമൂഹ

ത്തിനു എന്തെങ്കിലും ഗുണം കിട്ടുമെന്ന് എനിക്ക് തോന്നുന്നില്ല. വരൾച്ചയിൽ മരിക്കുന്നത് അവരുടെ കർമഫലം കാരണമാണെന്നാണു നിങ്ങളുടെ ന്യായം എങ്കിൽ പശുക്കളെ കശാപ്പ് ചെയ്യപ്പെടുന്നത് അവയുടെ കർമഫലം കൊണ്ടാണല്ലോ. അപ്പോൾ നിങ്ങളെന്തിനു അവയെ സംരക്ഷിക്കുന്നു?'

ആഗതൻ: (അൽപം ഇളിഭ്യനായിക്കൊണ്ട്) 'താങ്കൾ പറഞ്ഞത് ശരിയാണ്. പക്ഷേ, നമ്മുടെ ധർമം പറയുന്നത് പശു നമ്മുടെ മാതാവാണ് എന്നാണല്ലോ.'

വിവേകാനന്ദൻ ചിരിച്ചുകൊണ്ട് (പരിഹാസരൂപേണ) പറഞ്ഞു: 'അതെ, പശുവിനല്ലാതെ ആർക്കാണ് ഇതുപോലെ യോഗ്യനായ ഒരു സന്താനത്തിനു ജന്മംകൊടുക്കാനാവുക?!'

ശേഷം വിവേകാനന്ദൻ തുടർന്നു: 'നോക്കൂ...ഞാനൊരു സന്യാസിയാണ്. എന്റെ കയ്യിൽ നിങ്ങളെ സഹായിക്കാൻ പണമില്ല. ഇനി പണം ഉണ്ടെങ്കിൽ തന്നെ ആദ്യം ഞാൻ ചെയ്യുക ദുരിതമനുഭവിക്കുന്ന മനുഷ്യരെ സഹായിക്കുകയും അവർക്ക് ഭക്ഷണവും വസ്ത്രവും വിദ്യാഭ്യാസവും നൽകുകയുമാണ്. ഇതൊക്കെ ചെയ്തുകഴിഞ്ഞ് പണം ബാക്കിയുണ്ടെങ്കിൽ ഞാൻ നിങ്ങളുടെ സംഘടനക്ക് നൽകാം.'

ഇത്രയും കേട്ടപ്പോൾ ആ വ്യക്തി സ്വാമിജിയെ അഭിവാദ്യം ചെയ്ത് തിരിച്ചുപോയി. ശേഷം സ്വാമി ഞങ്ങളോട് (ശിഷ്യരോട്) പറഞ്ഞു:

'നമ്മുടെ രാജ്യം അപകടത്തിലേക്കാണു പോകുന്നത് എന്നതിന്റെ വ്യക്തമായ സൂചനയാണിതൊക്കെ. 'കർമഫലം (പാപഫലം)' എന്ന സിദ്ധാന്തത്തെ ആളുകൾ എങ്ങനെയൊക്കെയാണു ദുർവ്യാഖ്യാനിക്കുന്നതെന്ന് നോക്കൂ. മനുഷ്യരാണെന്ന് പറയുന്ന ഇവർക്ക് ഹൃദയത്തിൽ മറ്റു മനുഷ്യരോട് അൽപം പോലും സ്നേഹമില്ല. ഇവരെ മനുഷ്യരെന്ന് പോലും പറയാൻ പറ്റില്ല.' ഇത് പറയുമ്പോൾ സ്വാമിജിയുടെ ശരീരം ദേഷ്യം കൊണ്ട് വിറക്കുന്നുണ്ടായിരുന്നു" (കൽക്കത്തയിലുണ്ടായിരുന്ന, സ്വാമിയുടെ അടുത്ത ശിഷ്യൻ ശരത് ചന്ദ്ര ചക്രബർത്തി അദ്ദേഹത്തിന്റെ 'ഒരു ശിഷ്യന്റെ ഡയറിക്കുറിപ്പുകൾ' (Diary Of a Disciple) എന്ന ഗ്രന്ഥത്തിൽ എഴുതിയ സംഭവം).

വിവേകാനന്ദന്റെ കാലത്തുള്ള പശുസംരക്ഷകരെക്കാൾ കഷ്ടമാണ് ഇന്നുള്ള പശുരക്ഷകരുടെ അവസ്ഥ. അന്നു മനുഷ്യരെ സഹായിച്ചില്ല എന്ന് മാത്രമേയുള്ളൂ. ഇന്നാകട്ടെ മനുഷ്യരെ അടിച്ച് കൊല്ലുക കൂടി ചെയ്യുന്നു! ഇന്നെങ്ങാനുമാണ് വിവേകാനന്ദൻ ജീവിച്ചിരിക്കുന്നതെങ്കിൽ യോഗിയും ഷായും മോഡിയുമടക്കമുള്ള പശുരക്ഷകരെ കുറിച്ച് എന്തായിരിക്കും പറയുക?

ഒരു വശത്ത് ബീഫ് കഴിക്കുന്നവരെ തല്ലിക്കൊല്ലുന്നു. മറുവശത്ത് സർക്കാർ തന്നെ ബീഫ് വിദേശങ്ങളിലേക്ക് കയറ്റി അയക്കുന്നു!

2014ൽ മോഡി സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ശേഷമാണ് 'ബീഫ് കയറ്റുമതി' (Beef Exporting) ഏറ്റവും കൂടുതലായത് എന്നാണ്, കണക്കുകൾ പറയുന്നത്. ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ ബീഫ് കയറ്റുമതി ചെയ്യുന്ന രാജ്യം ഇന്ത്യയാണ്! ഏറ്റവും കൂടുതൽ കാലികൾ അറുക്കപ്പെടുന്നത് യോഗി ആദിത്യനാഥ് ഭരിക്കുന്ന ഉത്തർ പ്രദേശിലും! ഇന്ത്യയിൽ നിന്ന് അറബ് രാജ്യങ്ങളിലേക്കടക്കം ബീഫ് കയറ്റുമതി ചെയ്യുന്നുണ്ട്.

ഇത്രയധികം ബീഫ് ഉത്തർ പ്രദേശിൽ നിന്ന് കയറ്റുമതി ചെയ്യുന്നത് മുഖ്യമന്ത്രി യോഗി ആദിത്യ നാഥിന്റെ അറിവില്ലാതെയാണോ? (ബീഫ് ആണ് കഴിച്ചതെന്ന് ആരോപിച്ച് 'ആട്ടിറച്ചി' കഴിച്ച മുഹമ്മദ് അഖ്ലാഖ് എന്ന വൃദ്ധനെ അടിച്ചുകൊന്നത് ഇതേ ഉത്തർപ്രദേശിലാണെന്നോർക്കണം!).

ഇന്ത്യ ബീഫ് കയറ്റുമതിയിൽ ഒന്നാം സ്ഥാനത്ത് എത്തിയ വിവരം പ്രധാനമന്ത്രിക്ക് അറിയില്ലെന്നോ? ഇതാണ് വ്യക്തമായ കാപട്യം! ഒരു വശത്ത് ബീഫ് കഴിക്കുന്ന സാധാരണക്കാരെ അടിച്ചുകൊല്ലുന്നു, മറുവശത്ത് മാടുകളെ കശാപ്പ് ചെയ്ത് കയറ്റുമതി ചെയ്ത് പണം കൊയ്യുന്നു!

കർണാടക മുൻ കോൺഗ്രസ്സ് മുഖ്യമന്ത്രി സിദ്ധരാമയ്യ യോഗി ആദിത്യനാഥിനു പശു വിഷയത്തിൽ ട്വിറ്ററിൽ നൽകിയ ഒരു മറുപടി ഇവിടെ എടുത്ത് കൊടുക്കട്ടെ:


"Ours is a Hindutva that follows the legacy of Vivekananda, not Godse. Let Chief Minister Yogi Adtiyanath read what Vivekanada has said before lecturing us about ban on cow slaughter"

"ഞങ്ങൾ വിശ്വസിക്കുന്ന ഹിന്ദുമതം വിവേകാനന്ദന്റെതാണ്, (ഗാന്ധിയെ കൊന്ന) ഗോഡ്സെയുടേതല്ല. ഞങ്ങളോട് ഗോവധ നിരോധനം പ്രസംഗിക്കുന്നതിനു മുമ്പ് സ്വാമി വിവേകാനന്ദൻ അതിനെ പറ്റി എന്താണു പറഞ്ഞതെന്ന് യോഗി ആദിത്യനാഥ് ഒന്ന് വായിക്കുന്നത് നന്നായിരിക്കും." ●

ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി
വിവ: ശമീർ മദീനി



**സ്വൂഫികളും വിശ്വാസവ്യതിയാനങ്ങളും 5**




# പ്രവാചകൻമാരിലുള്ള വിശ്വാസം

മനുഷ്യരെ നന്മയിലേക്ക് നയിക്കുന്നതിനും സന്മാർഗ ദർശനത്തിനുമായി അല്ലാഹു നിരവധി ദൂതന്മാരെ യും പ്രവാചകന്മാരെയും മനുഷ്യവർഗത്തിലേക്ക് അയച്ചിട്ടുണ്ടെന്ന് അറിയിക്കുന്ന അനവധി തെളിവുകളുണ്ട്.

അല്ലാഹു പറയുന്നു: "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി). എന്നിട്ട് അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. അവരിൽ ചിലരുടെ മേൽ വഴികേട് സ്ഥിരപ്പെടുകയും ചെയ്തു. ആകയാൽ നിങ്ങൾ ഭൂമിയിലൂടെ നടന്നിട്ട് നിഷേധിച്ചു തള്ളിക്കളഞ്ഞവരുടെ പര്യവസാനം എപ്രകാരമായിരുന്നുവെന്ന് നോക്കുക" (ക്വുർആൻ 16:36).

അവർ അറിയിക്കുന്ന കാര്യങ്ങൾ സത്യപ്പെടുത്തി അംഗീകരിക്കലും അവർ കൽപിക്കുന്ന കാര്യങ്ങളിൽ അവരെ അനുസരിക്കലും അല്ലാഹു നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. മുഹമ്മദ് നബിﷺ മനുഷ്യരിൽ വെച്ച് ഏറ്റവും ഉൽകൃഷ്ടനും അന്ത്യപ്രവാചകനുമാണെന്ന് നാം വിശ്വസിക്കുന്നു. നമ്മുടെ സ്വന്തം ശരീരത്തെ

ക്കാളും മറ്റു സർവ സൃഷ്ടികളേക്കാളുമെല്ലാമുപരിയായി നാം അദ്ദേഹത്തെ സ്‌നേഹിക്കുകയും ചെയ്യുന്നു. തീർച്ചയായും അല്ലാഹു അദ്ദേഹത്തെ ആദരിക്കുകയും മഹത്തരമായ പല പ്രത്യേകതകളും നൽകി അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. പരലോകത്തുവെച്ചുള്ള ശുപാർശ(ശഫാഅത്ത്)യും ഹൗളുൽ കൗഥറുമൊക്കെ അവയിൽപെട്ടതാണ്.

എന്നാൽ നബിമാരിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ട് മറ്റുപല ചിന്താഗതികളുമാണ് സ്വൂഫികൾക്കുള്ളത്. അവരിൽ ഭൂരിഭാഗവും പറയാറുള്ളതുപോലെ, മുഹമ്മദ് നബിﷺ പ്രകാശത്താലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നതും അദ്ദേഹത്തിന്റെ പ്രകാശമാണ് 'ആദ്യസൃഷ്ടി' എന്നതുമൊക്കെ അത്തരത്തിലുള്ള ചിലതു മാത്രമാണ്. എന്നാൽ അല്ലാഹു പറയുന്നത് ഇപ്രകാരമാണ്:

"പറയുക: തീർച്ചയായും ഞാൻ നിങ്ങളെ പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം(വഹ്‌യ്) നൽകപ്പെട്ടിരിക്കുന്നു" (ക്വുർആൻ 18:110).

അല്ലാഹുവിന്റെ ഈ വചനങ്ങളും അവരുടെ വാദത്തിന് മറുപടി നൽകുന്നുണ്ട്.

"തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമാ യിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു" (ക്വുർആൻ 23:12,13).

"കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽ നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. അവനെ നാം പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കു ന്നു" (ക്വുർആൻ 76:2).

അറിയപ്പെട്ട രണ്ട് ക്വുറൈശീ മാതാപിതാക്കൾക്ക് ജനിച്ച സന്തതിയാണ് മുഹമ്മദ് നബിﷺ എന്നതും സുപ്രസിദ്ധമാണ്. അല്ലാഹു പറയുന്നു:

"മുഹമ്മദ് അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പും ദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹം മരണപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ പുറകോട്ട് തിരിച്ചുപോകുകയോ? ആരെങ്കിലും പുറകോട്ട് തിരിച്ചുപോകുന്ന പക്ഷം അല്ലാഹുവിന് ഒരു ദ്രോഹവും അത് വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുന്നതാണ്" (ക്വുർആൻ 3:144).

അവരിൽ ചിലർ നബിﷺയിലേക്ക് ഒരു കള്ളവാർത്ത ചേർത്ത് പ്രചരിപ്പിക്കുകയും ചെയ്യാറുണ്ട്. അതായത് അവിടുന്ന് ഇങ്ങനെ പറഞ്ഞു പോൽ: "ആദം കളിമണ്ണിനും വെള്ളത്തിനുമിടയിൽ ആയിരിക്കെത്തന്നെ ഞാൻ നബിയായിരുന്നു."

യാതൊരടിസ്ഥാനവുമില്ലാത്ത ഇത് നിർമിതമായ, വ്യാജ ഹദീഥാണെന്ന വസ്തുത അനവധി പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ ആശയം നിരർഥകവുമാണ്. ആദം عليه السلام കളിമണ്ണിനും വെള്ളത്തിനുമിട യിൽ ആയിരുന്ന ഒരവസ്ഥ ഉണ്ടായിട്ടേയില്ല. കളിമണ്ണ് എന്നതു തന്നെ മണ്ണും വെള്ളവും ചേർന്നതാണ്. തീർച്ചയായും ആദംعليه السلام ആകട്ടെ, ശരീരവും ആത്മാവും ചേർന്നതാണ്.

'ലൗഹുൽ മഹ്ഫൂളി'ലുള്ളതൊക്കെയും നബിﷺക്ക് അറിയുമെന്നും അദ്ദേഹത്തിന്റെ ഔദാര്യമാണ് ദുൻയാവെന്നുമൊക്കെ അവരിൽ ചിലർ ജൽപിക്കുന്നു. അല്ലാഹു നബിﷺയോട് പറയുന്നത് കാണുക:

"(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല; അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് മറഞ്ഞ കാര്യങ്ങളറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്" (ക്വുർആൻ 7:188).

അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷപ്പെടുത്താൻ എനിക്ക് ഒരു വിധത്തിലും സാധിക്കുകയില്ലെന്ന് നബിﷺ തന്റെ അടുത്ത ബന്ധുക്കളോടു പോലും പറഞ്ഞിരുന്നതായി സ്വഹീഹായ ഹദീഥുകളിൽ വന്നിട്ടുണ്ട്. അല്ലാഹു പറയുന്നു:

"(നബിയേ,) പറയുക: ഞാൻ ദൈവദൂതന്മാരിൽ ഒരു പുതുമക്കാരനൊന്നുമല്ല. എന്നെക്കൊണ്ടോ നിങ്ങ ളെക്കൊണ്ടോ എന്ത് ചെയ്യപ്പെടുമെന്ന് എനിക്കറിയുകയുമില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെ പിൻതുടരുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഞാൻ വ്യക്തമായ താക്കീതുകാരൻ മാത്രമാകുന്നു" (ക്വുർആൻ 46:9).

സ്വൂഫികളുടെ പിഴവുകളിൽ പെട്ട മറ്റൊന്നാണ് നബിﷺയോടുള്ള പ്രാർഥന. വാസ്തവത്തിൽ ഇസ്‌ലാമിക വൃത്തത്തിൽ നിന്നു തന്നെ പുറത്തു പോകുന്ന വൻപാപമായ ശിർക്കാകുന്നു അത്. അവരിൽ ചിലർ "അല്ലാഹുവിന്റെ റസൂലേ, എന്റെ ആവശ്യങ്ങൾ നിറവേ

റ്റിത്തരേണമേ, റബ്ബിന്റെയടുക്കൽ എനിക്കുവേണ്ടി അങ്ങ് ശഫാഅത്ത് ചെയ്യേണമേ...'' എന്നിങ്ങനെ പ്രാർഥിക്കുന്നതായി കാണാം. പ്രാർഥനയാകട്ടെ, അല്ലാഹുവല്ലാത്ത ഒരാളോടും പാടില്ല താനും. കാരണം അത് ഇബാദത്ത് അഥവാ ആരാധന യാണ്. ഇബാദത്ത് അല്ലാഹുവല്ലാത്തവർക്ക് അർപ്പിക്കൽ ഇസ്‌ലാമിൽ നിന്നുതന്നെ പുറത്താകുന്ന ശിർക്കാകുന്നു. അല്ലാഹു പറയുന്നു:

"നിന്നോട് നിന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്നു പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്'' (ക്വുർആൻ 2:186).

ഈ സന്തോഷവാർത്തയുണ്ടായിരിക്കെ അല്ലാഹുവല്ലാത്ത ഒരാളോടും ദുആ ചെയ്യേണ്ട യാതൊരാ വശ്യവും നമുക്കില്ല.

സ്വൂഫികളിൽ ചിലരുടെ വിശ്വാസം, ഭൗതികലോകത്തെ ഒരാളുടെ ജീവിതം പോലെ തന്നെ നബിﷺ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നും ഉപജീവനം നൽകപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നുമാണ്. അല്ലാഹു പറയുന്നതാകട്ടെ ഇപ്രകാരമാണ്:

"തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു'' (ക്വുർആൻ 39:30).

നബിﷺ മരണപ്പെട്ടുപോയി. അവിടുന്ന് തന്റെ ക്വബ്‌റിൽ ബർസഖിയായ ലോകത്ത് ശുഹദാക്കളെക്കാൾ ഉന്നതമായ നിലയിൽ ജീവിച്ചുകൊണ്ടിരിക്കുന്നു. അതൊരിക്കലും ഭൗതിക ലോകത്തെ ജീവിതം പോലെ യല്ല. അതിൽനിന്നു തന്നെ നബിﷺയെ കണ്ടുവെന്നും അവരുടെ സദസ്സുകളിലും യോഗങ്ങളിലുമൊക്കെ സന്നിഹിതരായി എന്നുമൊക്കെ പറയുന്ന സ്വൂഫികളിൽ ചിലരുടെ വാദത്തിന്റെ നിരർഥകതയും മനസ്സിലാക്കാവുന്നതാണ്. അവരിൽ ചിലർ നബിയോട് പാപമോചനത്തിനർപിക്കാറുമുണ്ട്!


(മൻഖൂസ് മൗലൂദിലെ ഈ വരികൾ അതിനൊരു ഉദാഹരണമാണ്: "ഇർതകബ്തു അലൽ ഖതാ ഗൈറ ഹസ്‌രിൻ വഅദദ്, ലക അശ്കൂ ഫീഹി യാ സയ്യിദീ ഖൈറന്നബീ'' അർഥം: 'പാപമാകുന്ന വാഹനത്തിൽ ഞാൻ കയറിപ്പോയി. കയ്യും കണക്കുമില്ലാത്തത്ര തെറ്റുകൾ ചെയ്തുപോയി. പ്രവാചകന്മാരിൽ ശ്രേഷ്ഠനായ (മുഹമ്മദ് നബിയേ,) അതിൽ ഞാന ങ്ങയോട് ആവലാതി ബോധിപ്പിക്കുന്നു'-വിവ.).

എന്നാൽ മഹാനും പ്രതാപിയുമായ അല്ലാഹു ചോദിക്കുന്നത് കാണുക: "അല്ലാഹുവല്ലാതെ പാപങ്ങൾ പൊറുക്കാൻ മറ്റാരുണ്ട്?'' (ക്വുർആൻ 3:135).

നബിﷺയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ വരുന്ന മറ്റൊരു വിഷയമാണ് തവസ്സുൽ. നബിﷺയെ കൊണ്ടുള്ള തവസ്സുൽ മൂന്ന് തരത്തിലാണ്.

ഒന്ന്: നബിﷺയോടുള്ള സ്നേഹവും അനുസരണവും അവിടുത്തെ മാർഗനിർദേശങ്ങൾ പിൻപറ്റലും കൊണ്ടൊക്കെ അല്ലാഹുവിലേക്ക് അടുക്കൽ. ഇത് മതത്തിൽ അനുവദിക്കപ്പെട്ടതാണ്. കാരണം സൽക ർമങ്ങൾ മുഖേന അല്ലാഹുവിലേക്ക് അടുക്കൽ അനുവദിക്കപ്പെട്ട തവസ്സുലാണ്. സത്യവിശ്വാസികളുടെ പ്രാർഥനയായി അല്ലാഹു പറയുന്നു:

"ഞങ്ങളുടെ രക്ഷിതാവേ, സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ നിങ്ങൾ നിങ്ങ ളുടെ രക്ഷിതാവിൽ വിശ്വസിക്കുവിൻ എന്നു പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വ സിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറു ത്തുതരികയും ഞങ്ങളുടെ തിന്മകൾ ഞങ്ങളിൽ നിന്ന് നീ മാച്ചുകളയുകയും ചെയ്യേണമേ. പുണ്യവാ ന്മാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ.''



"ഞങ്ങളുടെ രക്ഷിതാവേ, നിന്റെ ദൂതന്മാർ മുഖേന ഞങ്ങളോട് നീ വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നൽകുകയും ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ ഞങ്ങൾക്കു നീ നിന്ദ്യത വരുത്താതിരിക്കുകയും ചെയ്യേണമേ. നീ വാഗ്ദാനം ലംഘിക്കുകയില്ല; തീർച്ച. അപ്പോൾ അവരുടെ രക്ഷിതാവ് അവർക്ക് ഉത്തരം നൽകി: പുരുഷനാകട്ടെ, സ്ത്രീയാകട്ടെ നിങ്ങളിൽ നിന്നും പ്രവർത്തിക്കുന്ന ഒരാളുടെയും പ്രവർത്തനം ഞാൻ നിഷ്ഫലമാക്കുകയില്ല. ആകയാൽ സ്വന്തം നാടു വെടിയുകയും, സ്വന്തം വീടുകളിൽ നിന്ന് പുറത്താക്കപ്പെടുകയും എന്റെ മാർഗത്തിൽ മർദിക്കപ്പെടുകയും യുദ്ധത്തിലേർപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തിട്ടുള്ളവരാരോ അവർക്ക് ഞാൻ അവരുടെ തിന്മകൾ മായ്ച്ചുകൊടുക്കുന്നതും താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ അവരെ ഞാൻ പ്രവേശിപ്പിക്കുന്നതുമാണ്. അല്ലാഹുവിങ്കൽ നിനക്കുള്ള പ്രതിഫലമത്രെ അത്. അല്ലാഹുവിന്റെ പക്കലാണ് ഉത്തമമായ പ്രതിഫലമുള്ളത്" (ക്വുർആൻ 3:193-195).

നബിﷺയിൽ വിശ്വസിക്കുകയും നബിﷺയെ അനുസരിക്കുകയും ചെയ്യുന്നതിലൂടെയല്ലാതെ സർവലോകരക്ഷിതാവായ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുവാനും സ്വർഗപ്രവേശനത്തിനും സാധി ക്കുകയില്ല.

രണ്ട്: നബിﷺയുടെ പ്രാർഥന കൊണ്ടുള്ള തവസ്സുൽ. അതായത് തനിക്കുവേണ്ടി പ്രാർഥിക്കാനായി ഒരാൾ നബിﷺയോട് ആവശ്യപ്പെടുകയും അതനുസരിച്ച് അയാൾ അല്ലാഹുവോട് ഇപ്രകാരം പറയുകയും ചെയ്യുക: "എന്റെ രക്ഷിതാവേ, നിന്റെ പ്രവാചകൻ എനിക്കു വേണ്ടി ദുആ ചെയ്തിരിക്കുന്നു എന്നത് മുൻനിർത്തി ഞാൻ നിന്നോട് ചോദിക്കുന്നു..."

നബിﷺയുടെ കാലത്ത് ജീവിച്ചിരുന്ന, പ്രവാചക സന്നിധിയിൽ ചെന്ന് നേരിട്ട് സംസാരിച്ച ഒരാളെ സംബന്ധിച്ചിടത്തോളം ഇത് സാധുവാണ്. എന്നാൽ നബിﷺയുടെ മരണശേഷം തനിക്കുവേണ്ടി പ്രാർഥിക്കണേ എന്ന് അവിടത്തോട് അപേക്ഷിക്കുന്ന ഒരാൾ തീർച്ചയായും അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുകയാണ് അതിലൂടെ ചെയ്യുന്നത്. പ്രാർഥനയാകട്ടെ അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്. അത് മറ്റൊരാളിലേക്കും തിരിക്കാൻ പാടില്ല. അതുകൊണ്ടാണ് സ്വഹാബികൾ നബിﷺയുടെ ജീവിത കാലത്ത് നബിﷺയോട് അവർക്കുവേണ്ടി പ്രാർഥിക്കുവാൻ ആവശ്യപ്പെടുകയും എന്നാൽ മരണശേഷം അത്തരത്തിൽ യാതൊന്നും ആവശ്യപ്പെടാതിരിക്കുകയും ചെയ്തത്. അതിനാൽ ഉമർ(റ) തന്റെ ഭരണകാലത്ത് മഴയില്ലാതായപ്പോൾ ഇപ്രകാരം അല്ലാഹുവോട് പ്രാർഥിച്ചു:

"അല്ലാഹുവേ, ഞങ്ങൾ (നബിﷺയുടെ കാലത്ത്) നിന്റെ പ്രവാചകനെ കൊണ്ട് മഴക്കു വേണ്ടി പ്രാർഥിക്കുകയും അങ്ങനെ നീ ഞങ്ങൾക്ക് മഴതരികയും ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോൾ (നബിﷺയുടെ മരണശേഷം) ഞങ്ങൾ നിന്റെ പ്രവാചകന്റെ പിതൃവ്യനെ കൊണ്ട് നിന്നോട് മഴക്കുവേണ്ടി പ്രാർഥിക്കുന്നു..." (ബുഖാരി).

നബിﷺയുടെ മരണശേഷവും പ്രാർഥിക്കാൻ വേണ്ടി നബിﷺയോട് അദ്ദേഹം ആവശ്യപ്പെട്ടില്ല; പ്രത്യുത ജീവിച്ചിരിക്കുന്ന ഒരാളോട് പ്രാർഥനക്ക് നേതൃത്വം കൊടുക്കാൻ ആവശ്യപ്പെടുകയാണ് ചെയ്തത്. അതായത്, അബ്ബാസി(റ)ന്റെ പ്രാർഥന കൊണ്ട് തവസ്സുലാക്കി. മുമ്പ് പ്രവാചകന്റെ കാലത്ത് ചെയ്തിരുന്ന പോലെ നബിﷺയുടെ പ്രാർഥന കൊണ്ട് തങ്ങൾ തവസ്സുലാക്കിയില്ല; കാരണം നബിﷺ മരണപ്പെട്ടുപോയി. ഇതൊക്കെയാണ് ഉമറി(റ)ന്റെ വാക്കുകൾ വ്യക്തമാക്കുന്നത്.

എന്നാൽ അന്ധന്റെ സംഭവം വിവരിക്കുന്ന ഹദീഥിൽ വന്ന 'അല്ലാഹുവേ, നിന്റെ പ്രവാചകനെ കൊണ്ട് ഞാൻ നിന്നിലേക്ക് തിരിയുകയും നിന്നോട് ചോദിക്കുകയും ചെയ്യുന്നു' എന്ന റിപ്പോർട്ട് സ്വഹീഹാണെന്ന് സങ്കൽപിച്ചാൽ തന്നെയും അതിന്റെ വിവക്ഷ, 'അല്ലാഹുവേ, നിന്റെ പ്രവാചകന്റെ പ്രാർഥനയുമായി ഞാൻ നിന്നിലേക്ക് തിരിയുകയും നിന്നോട് പ്രാർഥിക്കുകയും ചെയ്യുന്നു' എന്നാണ്. കാരണം അയാൾ നബിﷺയുടെ ജീവിത കാലത്ത് നബിﷺയുടെ സന്നിധിയിൽ ചെന്ന് തനിക്കുവേണ്ടി പ്രാർഥിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പ്രാർഥനകൊണ്ടല്ലാതെ നബിﷺയുടെ ദാത്ത് (അസ്തിത്വം) കൊണ്ടാണ് അദ്ദേഹം തവസ്സുലാക്കിയത് എങ്കിൽ നബിﷺയുടെ അടുത്തേക്ക് പോവുകയും പ്രാർഥിക്കാൻ ആവശ്യപ്പെടുകയും ചെയ്യുകയില്ലായിരുന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു: "അല്ലാഹുവേ, എന്റെ കാര്യത്തിൽ നബിﷺയെ നീ ശുപാർശകനാക്കേണമേ, (അഥവാ നബിﷺ എനിക്കു വേണ്ടി പ്രാർഥിച്ചത് നീ സ്വീക രിക്കേണമേ). നബിﷺയുടെ അസ്തിത്വം (ദാത്ത്) കൊണ്ടായിരുന്നു അദ്ദേഹം തവസ്സുൽ ചെയ്തതെങ്കിൽ ഈ വാക്കിന് യാതൊരു അർഥവും ഉണ്ടാവുകയില്ല. ചിലർ ഇത് നബിﷺയെയും വിട്ട് ഔലിയാക്കളെ കൊണ്ടും ചെയ്യുന്നു.

**(തുടരും)**

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# ഒരു ഗ്രാമത്തിന്റെ വെളിച്ചം

മരിച്ചവരെക്കുറിച്ച് കുറ്റം പറയരുത് എന്നാണ് പ്രമാണം. കുറ്റം പറയാൻ ഉണ്ടായേക്കും; പക്ഷേ, പറയരുത് എന്നും ഇതിൽ നിന്ന് വായിക്കാനാകും. എന്നാൽ മരിച്ച ഒരാളെക്കുറിച്ച് കുറ്റവും കുറവും ഒന്നും പറയാനില്ലെങ്കിലോ? അത്തമൊരാളെക്കുറിച്ചാണ് പറയാനുള്ളത്. വിവാഹബന്ധം എനിക്ക് നൽകിയ, കാൽ നൂറ്റാണ്ടിലേറെ അടുപ്പമുള്ള ഒരാൾ തൊണ്ണൂറ്റിനാലാം വയസ്സിൽ മരണപ്പെട്ടു.

പല തരത്തിൽ, തലത്തിൽ സൗഹൃദമുള്ള ഇദ്ദേഹത്തെ സംബന്ധിച്ച് കുട്ടികൾക്കും യുവാക്കൾക്കും പ്രായം ചെന്നവർക്കും പറയാൻ നല്ല വാക്ക് മാത്രം. സുകൃതം ചെയ്ത ഒരാൾ. ഒരു സാധാരണ മനുഷ്യൻ. വെള്ള മുണ്ടും വെള്ളക്കുപ്പായവും ധരിക്കുന്ന ഉയരം കുറഞ്ഞ ഒരാൾ. സാമ്പത്തികമായോ വിദ്യാഭ്യാസപരമായോ തൊഴിൽപരമായോ തറവാടിത്തം കൊണ്ടോ സമൂഹത്തിന്റെ ഉന്നത സ്ഥാനീയൻ അല്ലാതിരുന്ന ഒരു പച്ചമനുഷ്യൻ.

പക്ഷേ, അയാൾ ആ ഗ്രാമത്തിൽ അത്ര മേൽ സ്വാധീനം നേടിയിരുന്നു. പത്ര, സമൂഹ മാധ്യമങ്ങൾ വഴി മരണവിവരം അറിഞ്ഞവരുടെ പ്രതികരണം ഉള്ളിൽ തട്ടുന്നതായിരുന്നു. പേരമകൾ നല്ലോർമകളിൽ മുങ്ങിയ വാക്കുകൾ കൊണ്ട് സമൂഹ മാധ്യമത്തിൽ എഴുതിയ ചെറുകുറിപ്പിന് കിട്ടിയ ഡസൻ കണക്കിന് ഷെയറുകളും കമന്റുകളും നൂറുകണക്കിന് ലൈക്കുകളും മറ്റൊന്നുമല്ല പറഞ്ഞു തരുന്നത്. പ്രായ, ജാതി, മത ഭേദങ്ങൾക്കപ്പുറം അദ്ദേഹം എത്രമേൽ പലരിലും സ്വാധീനം ചെലുത്തിയിരുന്നുവെന്നു കാണിക്കുന്നതായിരുന്നു മറു കുറിപ്പുകൾ. നേരിലും ഫോണിലും മറ്റും ഓർമകൾ കൈമാറിയവരുടെ പ്രതികരണവും മറ്റൊ

ന്നായിരുന്നില്ല.

പഠിക്കാൻ വലിയ താൽപര്യം ഉണ്ടായിരുന്നെങ്കിലും പഠിപ്പിക്കാൻ പിതാവിന് താൽപര്യമുണ്ടായിരുന്നിട്ടും അന്നത്തെ മതപുരോഹിത അനുമതി ലഭിക്കാത്തത് കൊണ്ട് പഠനമോഹം പാതിവഴിയിൽ പൊലിഞ്ഞു. അന്നത്തെ തൊഴിൽ എന്ന നിലയിൽ ബീഡി തെറുപ്പ് ആരംഭിച്ചു. പിന്നെ നാടുവിട്ടു. പല സ്ഥലങ്ങളിൽ കറങ്ങി. ജീവിതം നേരിട്ട് പഠിച്ചു. ഹോട്ടൽ തൊഴിൽ വരെ ചെയ്തു. മടുത്തപ്പോൾ നാട്ടിലേക്ക് മടങ്ങി. ഒരു ഇതരമതക്കാരൻ അദ്ദേഹത്തിന് തന്റെ സ്കൂളിൽ ജോലി നൽകി. ക്ലറിക്കൽ ജോലി അടക്കം ആത്മാർഥമായി ചെയ്തു തുടങ്ങി. ഔദ്യോഗിക കാര്യങ്ങൾക്ക് വിവിധ ഓഫീസുകളിൽ ചെന്ന് കാര്യം നടത്തി. ചുരുങ്ങിയ കാലം കൊണ്ട് സ്ഥാപനത്തിൽ തനതായ ഒരിടം നേടി.

ചെറിയ വരുമാനംകൊണ്ട് ഇത്തിരി സ്ഥലം വാങ്ങി. ഒരു കൊച്ചു വീടുവെച്ചു. ഒരു മകൻ അടക്കം ആറ് മക്കളും ഭാര്യയുമൊന്നിച്ചുള്ള ജീവിതം പച്ചപിടിച്ചു. തനിക്ക് നേടാൻ കഴിയാത്ത വിദ്യാഭ്യാസം മക്കൾക്ക് നൽകണമെന്ന് ഏതൊരു പിതാവിനെയും പോലെ അദ്ദേഹവും ആഗ്രഹിച്ചു. കോളേജിലേക്കും ടിടിസിക്കും മൂത്ത രണ്ടു പെൺമക്കളെ പറഞ്ഞയച്ചപ്പോൾ പുരോഹിതർ മുഖം ചുളിച്ചു. തടയാൻ ശ്രമിച്ചു. നടക്കില്ല എന്ന് കണ്ടപ്പോൾ നിസ്സഹകരണമായി. അദ്ദേഹത്തിന്റെ രണ്ടു പെൺമക്കൾ ഹെഡ്മിസ്ട്രസ്സുമാരായി വിരമിച്ചിരിക്കുന്നു. തൊട്ടുതാഴെയുള്ള മകൻ സർക്കാർ സർവീസിൽ നിന്നും മാസങ്ങൾക്ക് മുമ്പ് പെൻഷനായി. പെണ്മക്കളും മരുമകളും അടക്കം മൂന്നു പേർ ഇന്ന് സർക്കാർ സർവീസിലുണ്ട്.

എഴുതാനും വായിക്കാനും അറിയാവുന്നവർ കുറവായ ആ കുഗ്രാമത്തിൽ വിവിധ ആവശ്യങ്ങൾക്കായി നാട്ടുകാർ അദ്ദേഹത്തെ സമീപിച്ചു. പാസ്പോർട്ടിന് അടക്കമുള്ള അപേക്ഷകൾ തയ്യാറാക്കാൻ നാട്ടുകാരെ അദ്ദേഹം സഹായിച്ചു. അവരുടെ ആവശ്യങ്ങൾക്ക് അദ്ദേഹം സമയം കണ്ടെത്തി. പലരുമായും ബന്ധപ്പെട്ടു. വിവിധ ഓഫീസുകളിൽ കയറിയിറങ്ങി. അവരുടെ മക്കളുടെ വിദ്യാഭ്യാസ കാര്യങ്ങൾക്ക് പ്രോത്സാഹനവും ഉപദേശവും നൽകി. അതിനിടെ മുസ്‌ലിം വിദ്യാഭ്യാസ സംഘടനയുടെ പ്രവർത്തകനായി. നാട്ടിൽ ആദ്യമായി ഒരു നഴ്സറി സ്കൂൾ ആരംഭിച്ചു. പള്ളിക്കമ്മിറ്റി സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. അതോടെ തർക്കങ്ങൾ തീർപ്പാക്കാൻ ആളുകൾ സമീപിച്ചു തുടങ്ങി. വാദിക്കും പ്രതിക്കും പറയാനുള്ളത് മുഴുവനും കേൾക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകത. പറയാനുള്ളത് ഇരുകൂട്ടരും പറഞ്ഞു തീർക്കുന്നതോടുകൂടി തന്നെ മഞ്ഞുരുകാൻ തുടങ്ങും. പ്രശ്നങ്ങൾ മുഴുവൻ ക്ഷമയോടെ കേട്ട്, പിന്നീട് അവർക്ക് പറ്റിയ ചില വീഴ്ചകൾ ശാന്തമായി ചൂണ്ടിക്കാണിക്കും. വഴക്ക് തീർന്നാലും ഇല്ലെങ്കിൽ ഇരുകൂട്ടർക്കും ഒരിക്കലും അദ്ദേഹത്തോട് അനിഷ്ടം തോന്നാറില്ല.

കുട്ടികളും യുവാക്കളും പ്രായംചെന്നവരും വിവിധ ആവശ്യങ്ങൾക്കായി നേരം നോക്കാതെ അദ്ദേഹത്തെ സമീപിച്ചു. അദ്ദേഹം അങ്ങനെ നാട്ടുകാരുടെ 'മാഷ്' ആയി മാറി.

വായന ഇഷ്ടപ്പെടുന്ന, യാത്രയെ സ്നേഹിക്കുന്ന, സദാ റേഡിയോ കൂടെയുണ്ടായിരുന്ന അദ്ദേഹം ചാരുകസേരയിലിരുന്ന് മുഖ്യാധാരാ ആനുകാലികങ്ങൾ അടക്കം വായിച്ചിരുന്നു. തിമിരം വായന മുടക്കിയപ്പോൾ ലെൻസ് ഉപയോഗിച്ച് തലക്കെട്ടുകൾ വായിച്ചു. പേരക്കുട്ടികൾ അടക്കമുള്ളവരെക്കൊണ്ട് വായിപ്പിച്ചു. കുറിക്കുകൊള്ളുന്ന തമാശകൾ ഇടയ്ക്കിടെ പറഞ്ഞിരുന്ന ആ മനുഷ്യനിൽ ചിലർ വൈക്കം മുഹമ്മദ് ബഷീറിനെ കണ്ടിരുന്നു!

മരണത്തിന് ഒരു കൊല്ലം മുമ്പു തന്നെ സ്വത്തും ബാക്കിയുള്ള പണവും മക്കൾക്ക് എങ്ങനെ വീതം വെക്കണം എന്ന് കുറിച്ചു വെച്ചിരുന്നു. പേരക്കുട്ടികൾക്കും അവരുടെ കുട്ടികൾക്ക് പോലും ചെറിയ തുകകൾ മാറ്റിവെച്ചിരുന്നു. തൊണ്ണൂറ്റിനാലാം വയസ്സിലും കാര്യമായ ശാരീരിക അസ്വസ്ഥതകൾ ഒന്നുമി ല്ലാതെ, സ്വന്തം കാര്യങ്ങൾ പരസഹായമില്ലാതെ ചെയ്തിരുന്ന, ഓർമക്ക് ഒരു പോറലും ഇല്ലാത്ത അദ്ദേഹം മരണം മുന്നിൽ കണ്ട് എല്ലാം ചെയ്തുവെച്ചു! ആര് മയ്യിത്ത് നമസ്കരിക്കണം എന്നും പറഞ്ഞുവെച്ചു. മരണാനന്തര ചെലവുകൾക്ക് ഇനം തിരിച്ച് പണം മൂത്തമകളെ മരണത്തിന്റെ തലേദിവസം ഏൽപിക്കുക യും ചെയ്തിരുന്നു.

ഒരു ഗ്രാമത്തിന്റെ, ഒരു കാലഘട്ടത്തിലെ സമൂഹത്തിന്റെ, സമുദായത്തിന്റെ, ചരിത്രത്തിന്റെ സാക്ഷിയായിരുന്നു അദ്ദേഹം. ആ കഥകൾക്ക് കാതോർക്കാൻ പലരും അദ്ദേഹത്തിനടുത്ത് എത്താറുണ്ടായിരുന്നു. നോമ്പ്, പെരുന്നാൾ, പതിറ്റാണ്ടുകൾക്കപ്പുറത്തെ സമൂഹത്തിന്റെയും സമുദായത്തിന്റെയും അവസ്ഥകൾ എന്നീ വിഷയങ്ങളിൽ അദ്ദേഹം മൂന്ന് എപ്പിസോഡുകളിലായി 'പീസ് റേഡിയോ ഓർമ'യിൽ പങ്കുവെച്ചിട്ടുണ്ട്.

ജീവിതം ഒരു യാഥാർഥ്യമാണ്. നാം തന്നെ തെളിവ്. മരണം ഒരുനാൾ വരും എന്നതിൽ നമുക്ക് സംശയം തെല്ലുമില്ല. നാം മരിച്ചാൽ നമ്മുടെ വീട്ടുകാർക്കും കുടുംബക്കാർക്കും നാട്ടുകാർക്കും നമ്മെക്കുറിച്ച് നല്ലതു പറയാൻ ഉണ്ടാകുമോ? ഉണ്ടാകണം. ജീവിതത്തെ നന്മയുടെ വഴിയിൽ മാത്രം മുന്നോട്ടു നയിച്ചാൽ ഉണ്ടാകും.

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 9

# ദാനശീലവും ഔദാര്യവും




ദാനശീലവും ഔദാര്യവായ്പും മനസ്സറിഞ്ഞുള്ള ധർമവുമെല്ലാം മഹദ്ഗുണങ്ങളാണ്. ഇത്തരം ശീലങ്ങളെ പ്രോത്സാഹിപ്പിച്ചുള്ള പ്രമാണവചനങ്ങൾ ധാരാളമാണ്. വിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നു:

"അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴു കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ്ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാണ്" (ക്വുർആൻ 2: 261).

"രാത്രിയും പകലും രഹസ്യമായും പരസ്യമായും തങ്ങളുടെ സ്വത്തുക്കൾ ചെലവഴിച്ചുകൊണ്ടിരിക്കുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കുന്നതാണ്. അവർ യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല" (ക്വുർആൻ 2:274).

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. തിരുനബി(ﷺ) പറഞ്ഞു: "ആദമിന്റെ പുത്രൻ (മനുഷ്യൻ) മരിക്കുന്നതോടെ അവന്റെ കർമങ്ങൾ നിലച്ചുപോകുന്നു; പ്രയോജനം നിലനിൽക്കുന്ന ദാനം, ഉപകരിപ്പെടുന്ന അവന്റെ അറിവ്, അവനുവേണ്ടി പ്രാർഥിക്കുന്ന സുകൃതവാനായ സന്തതി എന്നിവയൊഴികെ" (മുസ്‌ലിം).

പ്രയോജനം നിലനിൽക്കുന്ന ദാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വക്ഫ് ചെയ്തത് എന്നാണ്.

അബൂഹുറയ്റؓയിൽ നിന്ന് നിവേദനം. തിരുദൂതർﷺ പറഞ്ഞു: "താൻ പഠിപ്പിച്ചതും പ്രചരിപ്പി ച്ചതുമായ വിജ്ഞാനം, താൻ (ഇഹലോകത്തിൽ) വിട്ടിട്ടു പോയ സൽകർമിയായ സന്താനം, അനന്ത രമാക്കിയ മുസ്ഹഫ്, നിർമിച്ച പള്ളി, താൻ വഴിയാത്രക്കാർക്കുവേണ്ടി നിർമിച്ച വീട്, താൻ ഒഴുക്കിയ പുഴ, തന്റെ ജീവിതകാലത്തും ആരോഗ്യസമയത്തും താൻ നൽകിയ ദാനം എന്നിവയെല്ലാം സത്യവി ശ്വാസിക്ക് തന്റെ മരണശേഷവും വന്നണയുന്ന കർമങ്ങളിൽ പെട്ടതാണ്; ഇവ അവന്റെ മരണശേഷം അവന്റെയടുത്ത് വന്നുചേരുന്നതാണ്" (സുനനുഇബ്നിമാജഃ. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

അബൂഉമാമതുൽ ബാഹിലിؓയിൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "നാലു കൂട്ടർ, അവരുടെ പ്രതിഫലങ്ങൾ മരണശേഷവും അവർക്ക് വന്നുകൊണ്ടിരിക്കും. അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തിയിൽ കാവൽനിൽക്കുന്നയാൾ, ഒരാൾ ഒരു കർമം ചെയ്തു; അയാൾ ചെയ്തതു പോലുള്ളത് അയാൾക്ക് വന്നു കൊണ്ടിരിക്കും. ഒരാൾ ഒരു ദാനം ചെയ്തു; പ്രസ്തുത ദാനംനിലനിൽക്കുന്ന കാലമത്രയും അതിന്റെ പ്രതിഫലം അയാൾക്കുണ്ടായിരിക്കും. ഒരാൾ സൽകർമകാരിയായ സന്തതിയെ വിട്ടേച്ചു; പ്രസ്തുത സന്തതി അയാൾക്കു വേണ്ടി പ്രാർഥന ചെയ്യുന്നു" (മുസ്നദു അഹ് മദ്. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

അബൂഹുറയ്റؓയിൽനിന്ന് നിവേദനം. തിരുദൂതർﷺ പറഞ്ഞു: "അല്ലാഹുവിന്റെ മാർഗത്തിൽ താങ്കൾ ചെലവഴിച്ച ദീനാർ, അടിമമോചനത്തിനു താങ്കൾ ചെലവഴിച്ച ദീനാർ, ഒരു സാധുവിന് താങ്കൾ ചെലവഴിച്ച ദീനാർ, കുടുംബത്തിനു താങ്കൾ ചെലവഴിച്ച ദീനാർ; ഇതിൽ ഏറ്റവും മഹത്തായ പ്രതിഫലമുള്ളത് താങ്കളുടെ കുടുംബത്തിന് ചെലവഴിച്ചതാകുന്നു'' (മുസ്‌ലിം).

അബൂദർറിؓൽ നിന്നു നിവേദനം: "തിരുനബിﷺ കഅ്ബയുടെ തണലിൽ ഇരിക്കുന്നവനായിരിക്കെ ഞാൻ തിരുമേനിയുടെ അടുക്കൽ ചെന്നു. എന്നെ കണ്ടപ്പോൾ തിരുമേനി എന്നോട് പറഞ്ഞു: 'അല്ലാഹുവാണേ സത്യം, അവരാകുന്നു നഷ്ടക്കാർ.' അങ്ങനെ ഞാൻ ചെന്നിരുന്നു. പിന്നീട് താമസംവിനാ ഞാൻ എഴുന്നേറ്റു. ഞാൻ ചോദിച്ചു: 'തിരുദൂതരേ, ആരാണവർ?' തിരുമേനിﷺ പറഞ്ഞു: 'അവരാകുന്നു സമ്പത്ത് കൂടിയവർ. തന്റെ മുന്നിലും പിന്നിലും വലതും ഇടതും ഭാഗങ്ങളിൽ കൈകൾ കൊണ്ട് ഇപ്രകാരം ദാനം നൽകിയവർ ഒഴിച്ച്. അവരാകട്ടെ വളരെ കുറവാകുന്നു...''(മുസ്‌ലിം).

അനസിؓൽ നിന്ന് നിവേദനം: "അല്ലാഹുവിന്റെ തിരുദൂതർ ഇസ്‌ലാമിന്റെ പേരിൽ വല്ലതും ചോദിച്ചാൽ അത് നൽകാതിരുന്നിട്ടില്ല. ഒരു വ്യക്തി തിരുദൂതരുടെ അടുക്കൽവന്നു. അപ്പോൾ ഇരുമലകൾക്ക് ഇടയിലുായിരുന്ന ആട്ടിൻ പറ്റത്തെ തിരുമേനി അയാൾക്കു നൽകി. അയാൾ തന്റെ ജനതയിലേക്ക് മടങ്ങി. അയാൾ പറഞ്ഞു: ജനങ്ങളെ നിങ്ങൾ ഇസ്‌ലാം സ്വീകരിക്കുക. കാരണം, മുഹമ്മദ് ദാരിദ്ര്യം ഭയക്കാത്തവിധം വമ്പിച്ച ഔദാര്യം നൽകുന്നു''(മുസ്‌ലിം).

അല്ലാഹുവിന്റെ റസൂൽﷺ അബൂദർറിؓനോട് പറഞ്ഞു:

"അബൂദർറ്, ഉഹദ് മലയോളം സ്വർണം എനിക്ക് ഉണ്ടാവുകയും അതിൽ ഒരു ദീനാർ എന്റെ കയ്യിൽ ബാക്കി ഉണ്ടാവുകയും അല്ലാഹുവിന്റെ അടിയാറുകൾക്കിടയിൽ അത് ഇപ്രകാരം വീതിച്ചുനൽകാതെ ( തിരുമേനി തന്റെ കൈകൊണ്ട് ഞങ്ങൾക്കത്കാണിച്ചുതന്നു) ഒന്നോ അല്ലെങ്കിൽ മൂന്നോ രാത്രി എനിക്ക് വരുകയും ചെയ്യുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല; കടം വീട്ടുവാൻ ഞാൻ എടുത്തുവെക്കുന്ന ദീനാർ ഒഴികെ." എന്നിട്ട് (തിരുമേനി) പറഞ്ഞു: "അബൂദർറ്!" ഞാൻ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ഞാനിതാ അങ്ങേക്ക് ഉത്തരം ചെയ്യുന്നു. അതിൽ ഞാൻ സൗഭാഗ്യം കാണുകയും ചെയ്യുന്നു." തിരുമേനിﷺ പറഞ്ഞു: "(സമ്പത്ത്) കൂടിയവർ, അവരാണ് അ





ന്ത്യനാളിൽ (നന്മകൾ) കുറഞ്ഞവർ; തന്റെ കൈകൾ കൊണ്ട് ഇപ്രകാരം നൽകിയവർ ഒഴിച്ച്'' (ബുഖാരി, മുസ്‌ലിം).

ഉമറി(റ)ന്റെ ദാനശീലത്തെ അറിയിക്കുന്ന ഒരു സംഭവം ഇപ്രകാരമുണ്ട്: അദ്ദേഹത്തിന് ഖയ്ബറിൽ നിന്ന് ഒരു ഭൂസ്വത്ത് ലഭിച്ചു. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഖയ്ബറിൽ അൽപം ഭൂസ്വത്ത് ലഭിച്ചിട്ടുണ്ട്. അതിനെക്കാൾ അമൂല്യമായ സ്വത്ത്എനിക്ക് ലഭിച്ചിട്ടേയില്ല. താങ്കൾ എന്നോട് എന്താണ് കൽപിക്കുന്നത്?' നബി(സ) പറഞ്ഞു: 'താങ്കൾക്ക് അതിന്റെ അടിസ്ഥാനം നിലനിർത്തികൊണ്ടുതന്നെ അതുകൊണ്ട് ദാനം ചെയ്യാം. എന്നാൽ അതിന്റെ അടിസ്ഥാനം വിൽക്കപ്പെടാവതോ ദാനം ചെയ്യപ്പെടാവതോ അനന്തമെടുക്കപ്പെടാവതോ അല്ല''(ബുഖാരി).

സാധുക്കളുടെ പിതാവ് എന്ന ഖ്യാതിയുള്ള സ്വഹാബിയാണ് ജഅ്ഫർ ഇബ്നു അബീത്വാലിബ്(റ). അഗതികൾക്ക് അന്നം നൽകുകയും അശരണരെ സഹായിക്കുകയും ചെയ്തിരുന്നതിനാലാണ് അദ്ദേഹം അബുൽമസാകീൻ, അൽജവ്വാദ് എന്നീ പേരുകൾക്ക് അർഹനായത്. അദ്ദേഹത്തിന്റെ ദാനശീലം അറിയിക്കുന്ന ഒരു സംഭവം അബൂഹുറയ്‌റ(റ)യിൽ നിന്ന് ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്:

''സാധുക്കൾക്ക് ഏറ്റവും ഉത്തമനായിരുന്നു ജഅ്ഫർ ഇബ്നുഅബീത്വാലിബ്. അദ്ദേഹം ഞങ്ങളെയും കൊണ്ട് പോവുകയും അദ്ദേഹത്തിന്റെ വീട്ടിലുള്ളത് ഞങ്ങളെ തീറ്റുകയും ചെയ്യുമായിരുന്നു. എത്രത്തോള മെന്നാൽ യാതൊന്നുമില്ലാത്ത നെയ്യിന്റെ തോൽപാത്രം അദ്ദേഹം പുറത്തെടുത്ത് അതു പിളർത്തുകയും അതിലുള്ളത് ഞങ്ങൾ നക്കിത്തുടച്ചു തിന്നുകയും ചെയ്യുമായിരുന്നു'' (ബുഖാരി).

അല്ലാഹു ഒരാൾക്ക് നൽകിയ അനുഗ്രഹത്തിൽ അയാളോട് അസൂയ വെക്കാനും അതിൽ മോഹം വെക്കാനും വിശ്വാസിക്കു പാടുള്ളതല്ല. എന്നാൽ ഒരു വിശ്വാസിക്കു മോഹം വെക്കുവാൻ രണ്ടുവേദികളെ തിരുമേനി പഠിപ്പിക്കുന്നതു നോക്കൂ!

അബൂഹുറയ്‌റ(റ)യിൽനിന്നും നിവേദനം. തിരുമേനി(സ) പറഞ്ഞു: ''രണ്ട് കാര്യങ്ങളിലല്ലാതെ അസൂയ ഇല്ല. ഒരാൾ, അല്ലാഹു അയാൾക്ക് ക്വുർആൻ പഠിപ്പിച്ചു. അയാളാകട്ടെ രാപ്പകലുകളിൽ ക്വുർആൻ പാരായണം ചെയ്യുന്നു. അപ്പോൾ അയാളുടെ അയൽവാസി അതു കേൾക്കുകയും ശേഷം പറയുകയും ചെയ്യുന്നു: 'എനിക്കും ഇയാൾക്ക് നൽകപ്പെട്ടതുപോലെ നൽകപ്പെട്ടിരുന്നുവെങ്കിൽ; അയാൾ അനുഷ്ഠിക്കുന്നതുപോലെ കർമങ്ങൾ ഞാനും അനുഷ്ഠിക്കുമായിരുന്നു. മറ്റൊരാൾ, അല്ലാഹു അയാൾക്ക് സമ്പത്തു നൽകി. അയാളാകട്ടെ ആ സമ്പത്ത് അല്ലാഹുവിന്റെ മാർഗത്തിൽ യഥേഷ്ടം ചെലവഴിക്കുന്നു. ഒരാൾ അപ്പോൾ പറയുന്നു: ഇയാൾക്ക് നൽകപ്പെട്ടിരുന്നതു പോലെ എനിക്കും നൽകപ്പെട്ടിരുന്നുവെങ്കിൽ; അയാൾ അനുഷ്ഠിക്കുന്നതു പോലെ കർമങ്ങൾ ഞാനും അനുഷ്ഠിക്കുമായിരുന്നു''(ബുഖാരി).

അബ്ദുല്ലാഹ് ഇബ്നുഉമറി(റ)ൽനിന്നു നിവേദനം. തിരുദൂതർ പറഞ്ഞു:''രണ്ടു കാര്യങ്ങളിലല്ലാതെ അസൂയ ഇല്ല. ഒരാൾ, അല്ലാഹു അയാൾക്ക് ക്വുർആൻ നൽകി; അതുകൊണ്ട് അയാൾ രാപ്പകലുകളിൽ പാരായണം ചെയ്യുന്നു. മറ്റൊരാൾ, അയാൾക്ക് അല്ലാഹു സമ്പത്ത് നൽകി; അയാളാകട്ടെ രാപ്പകലുകളിൽ അതുകൊണ്ട് ദാനം ചെയ്യുന്നു''(ബുഖാരി). ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 66, ഭാഗം: 3

# തഹ്‌രീം (നിഷിദ്ധമാക്കൽ)

(മദീനയിൽ അവതരിച്ചത്)

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ تُوبُوٓا۟ إِلَى ٱللَّهِ تَوْبَةً نَّصُوحًا عَسَىٰ رَبُّكُمْ
أَن يُكَفِّرَ عَنكُمْ سَيِّـَٔاتِكُمْ وَيُدْخِلَكُمْ جَنَّٰتٍ تَجْرِى مِن
تَحْتِهَا ٱلْأَنْهَٰرُ يَوْمَ لَا يُخْزِى ٱللَّهُ ٱلنَّبِىَّ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ
نُورُهُمْ يَسْعَىٰ بَيْنَ أَيْدِيهِمْ وَبِأَيْمَٰنِهِمْ يَقُولُونَ رَبَّنَآ أَتْمِمْ لَنَا
نُورَنَا وَٱغْفِرْ لَنَآ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٨﴾
يَٰٓأَيُّهَا ٱلنَّبِىُّ جَٰهِدِ ٱلْكُفَّارَ وَٱلْمُنَٰفِقِينَ وَٱغْلُظْ عَلَيْهِمْ
وَمَأْوَىٰهُمْ جَهَنَّمُ وَبِئْسَ ٱلْمَصِيرُ ﴿٩﴾

8. സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം. അല്ലാഹു പ്രവാചകനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും അപമാനിക്കാത്ത ദിവസത്തിൽ; അവരുടെ പ്രകാശം അവരുടെ മുന്നിലൂടെയും വലതുവശങ്ങളിലൂടെയും സഞ്ചരിക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്കു നീ പൂർത്തീകരിച്ച് തരികയും ഞങ്ങൾക്കു നീ പൊറുത്തുതരികയും ചെയ്യേണമേ. തീർച്ചയായും നീ ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു.

9. ഓ; നബീ, സത്യനിഷേധികളോടും കപടവിശ്വാസികളോടും നീ സമരം ചെയ്യുകയും അവരോട് പരുഷമായി പെരുമാറുകയും ചെയ്യുക. അവരുടെ സങ്കേതം നരകമാകുന്നു. എത്തിച്ചേരാനുള്ള ആ സ്ഥലം എത്രയോ ചീത്ത!

10. സത്യനിഷേധികൾക്ക് ഉദാഹരണമായി നൂഹിന്റെ ഭാര്യയെയും ലൂത്വിന്റെ ഭാര്യയെയും അല്ലാഹു ഇതാ എടുത്തുകാണിച്ചിരിക്കുന്നു. അവർ രണ്ടു പേരും നമ്മുടെ ദാസൻമാരിൽ പെട്ട സദ്‌വൃത്തരായ രണ്ട് ദാസൻമാരുടെ കീഴിലായിരുന്നു. എന്നിട്ട് അവരെ രണ്ടുപേരെയും ഇവർ വഞ്ചിച്ചുകളഞ്ഞു. അപ്പോൾ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് യാതൊന്നും അവർ രണ്ടുപേരും ഇവർക്ക് ഒഴിവാക്കിക്കൊടുത്തില്ല. നിങ്ങൾ രണ്ടുപേരും നരകത്തിൽ കടക്കുന്നവരോടൊപ്പം കടന്നുകൊള്ളുക എന്ന് പറയപ്പെടുകയും ചെയ്തു.

11. സത്യവിശ്വാസികൾക്ക് ഒരു ഉപമയായി അല്ലാഹു ഫിർഔന്റെ ഭാര്യയെ എടുത്തുകാണിച്ചിരിക്കുന്നു. അവൾ പറഞ്ഞ സന്ദർഭം: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ അടുക്കൽ സ്വർഗത്തിൽ ഒരു ഭവനം ഉണ്ടാക്കിത്തരികയും ഫിർഔനിൽ നിന്നും അവന്റെ പ്രവർത്തനത്തിൽനിന്നും നീ എന്നെ രക്ഷിക്കുകയും ചെയ്യേണമേ. അക്രമികളായ ജനങ്ങളിൽ നിന്നും എന്നെ നീ രക്ഷിക്കേണമേ

12. തന്റെ ഗുഹ്യസ്ഥാനം കാത്തുസൂക്ഷിച്ച ഇംറാന്റെ മകളായ മർയമിനെയും (ഉപമയായി എടുത്ത് കാണിച്ചിരിക്കുന്നു). അപ്പോൾ നമ്മുടെ ആത്മചൈതന്യത്തിൽ നിന്നു നാം അതിൽ ഊതുകയുണ്ടായി. തന്റെ രക്ഷിതാവിന്റെ വചനങ്ങളിലും ഗ്രന്ഥങ്ങളിലും അവൾ വിശ്വസിക്കുകയും അവൾ ഭയഭക്തിയുള്ളവരുടെ കൂട്ടത്തിലാവുകയും ചെയ്തു.

وَمَأْوَاهُمْ جَهَنَّمُ وَبِئْسَ الْمَصِيرُ ﴿٩﴾
ضَرَبَ اللَّهُ مَثَلًا لِّلَّذِينَ كَفَرُوا امْرَأَتَ نُوحٍ وَامْرَأَتَ
لُوطٍ كَانَتَا تَحْتَ عَبْدَيْنِ مِنْ عِبَادِنَا صَالِحَيْنِ
فَخَانَتَاهُمَا فَلَمْ يُغْنِيَا عَنْهُمَا مِنَ اللَّهِ شَيْئًا وَقِيلَ ادْخُلَا
النَّارَ مَعَ الدَّاخِلِينَ ﴿١٠﴾
وَضَرَبَ اللَّهُ مَثَلًا لِّلَّذِينَ آمَنُوا امْرَأَتَ فِرْعَوْنَ إِذْ
قَالَتْ رَبِّ ابْنِ لِي عِندَكَ بَيْتًا فِي الْجَنَّةِ وَنَجِّنِي مِن فِرْعَوْنَ
وَعَمَلِهِ وَنَجِّنِي مِنَ الْقَوْمِ الظَّالِمِينَ ﴿١١﴾
وَمَرْيَمَ ابْنَتَ عِمْرَانَ الَّتِي أَحْصَنَتْ فَرْجَهَا فَنَفَخْنَا فِيهِ
مِن رُّوحِنَا وَصَدَّقَتْ بِكَلِمَاتِ رَبِّهَا وَكُتُبِهِ وَكَانَتْ مِنَ
الْقَانِتِينَ ﴿١٢﴾

8). ഈ വചനത്തിൽ നിഷ്കളങ്കമായ പശ്ചാത്താപത്തിനാണ് അല്ലാഹു കൽപിക്കുന്നത്. തിന്മകളെ മായ്ച്ചുകളയാമെന്ന് ഉറപ്പുതരികയും ചെയ്യുന്നു; അതോടൊപ്പം സ്വർഗപ്രവേശവും മഹത്തായ വിജയവും. അതുണ്ടാകുന്നത് ഉയിർത്തെഴുന്നേൽപ് നാളിൽ തങ്ങളുടെ വിശ്വാസത്തിന്റെ പ്രകാശത്താൽ അവർ സഞ്ചരിക്കുമ്പോഴാണ്, അതിന്റെ വെളിച്ചംകൊണ്ട് അവർ നടക്കുമ്പോഴും അതിന്റെ സന്തോഷവും ആശ്വാസവും അവർ അനുഭവിക്കുമ്പോഴുമാണ്. കപടവിശ്വാസികൾക്ക് നൽകപ്പെടുന്ന പ്രകാശം അണഞ്ഞുപോകുമ്പോൾ അവർ പ്രയാസപ്പെടും. സത്യവിശ്വാസികൾ അവരുടെ പ്രകാശത്തെ പൂർത്തിയാക്കിക്കൊടുക്കാൻ അല്ലാഹുവോട് ചോദിക്കും. അവൻ അവരുടെ പ്രാർഥനക്ക് ഉത്തരം നൽകും. അവരോടൊപ്പമുള്ള വിശ്വാസദാർഢ്യവും പ്രകാശവും കൊണ്ട് അവരെ അവൻ സുഖാനുഗ്രഹങ്ങളുടെ സ്വർഗത്തിലെത്തിക്കും; പരിശുദ്ധനായ രക്ഷിതാവിങ്കലേക്കും. ഇതെല്ലാം നിഷ്കളങ്കമായ പശ്ചാത്താപത്തിന്റെ ഫലങ്ങളാണ്.

നിഷ്കളങ്കമായ പശ്ചാത്താപം കൊണ്ടുദ്ദേശിക്കുന്നത് അടിമയിൽ സംഭവിച്ചുപോയ മുഴുവൻ പാപങ്ങൾക്കുമുള്ള സമ്പൂർണ പശ്ചാത്താപമാണ്. അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവുമല്ലാതെ മറ്റൊന്നും അവനുദ്ദേശിക്കുന്നില്ല. തന്റെ ജീവിതത്തിലുടനീളം അതു തുടരാനും അവനുദ്ദേശിക്കുന്നു.

9). സത്യനിഷേധികളോടും കപടവിശ്വാസികളോടും ധർമസമരത്തിനാണ് ഇവിടെ അല്ലാഹു കൽപിക്കുന്നത്; അവരോട് പരുഷത കാണിക്കാനും. ഇതെല്ലാം അവർക്കെതിരെ തെളിവ് നിലനിർത്തലും അവരോടുള്ള ജിഹാദിൽ ഉൾക്കൊള്ളുന്നതുമാണ്. സദുപദേശം നൽകി അവരെ പ്രബോധനം ചെയ്യലും വ്യത്യസ്തമായ അവരുടെ വഴികേടുകളെ ഇല്ലാതാക്കലും അല്ലാഹുവിലേക്കുള്ള ക്ഷണത്തെ വിസമ്മതിക്കുന്നവരോടും അവന്റെ വിധിക്ക് കീഴ്പ്പെടാത്തവരോടുള്ള പ്രതികൂലമായ വാക്കും പ്രവർത്തനവും സമീപനവുമെല്ലാം ഈ പരുഷത കാണിക്കലും ധർമസമരവുമാണ്.

എന്നാൽ ആദ്യഘട്ടം ഏറ്റവും നല്ല രൂപത്തിലായിരിക്കണം. അവിശ്വാസികൾക്കും കപടവിശ്വാസികൾക്കും ഇഹലോകത്തുള്ള ശിക്ഷ അല്ലാഹു

വിന്റെയും അവന്റെ ദൂതന്റെയും പാർട്ടിയുടെ ആധിപത്യവും ധർമസമരവുമാണ്. പരലോകത്താകട്ടെ നരകശിക്ഷയും. എത്തിച്ചേരാനുള്ള ആ സ്ഥലം എത്രയോ ചീത്ത. എല്ലാ നഷ്ടകാരിയും ദൗർഭാഗ്യയും അവിടെ ചെന്നുചേരും.

10). സത്യവിശ്വാസികളുടെയും സത്യനിഷേധികളുടെയും രണ്ട് ഉപമകളാണ് അല്ലാഹു ഇവിടെ പറയുന്നത്. ഒരു സത്യനിഷേധിക്ക് സത്യവിശ്വാസിയുമായുണ്ടാകുന്ന ബന്ധവും സാമീപ്യവും അവനു പരലോകത്ത് യാതൊരു പ്രയോജനം ചെയ്യില്ല. വിശ്വാസിക്ക് അവിശ്വാസിയുമായുള്ള ബന്ധം അവനൊരു ഉപദ്രവവും ചെയ്യില്ല; അവന്റെ ബാധ്യതകളിൽ അവൻ വീഴ്ച വരുത്തുന്നില്ലെങ്കിൽ. അനുസരണക്കേടിനെ സൂക്ഷിക്കാനുള്ള ഒരു താക്കീത് പ്രവാചക പത്നിമാർക്ക് ഇതിലുണ്ട്. നല്ല നിലയ്ക്കല്ലെങ്കിൽ നബിﷺയുമായുള്ള ബന്ധം അവർക്ക് ഗുണകരമാവില്ലെന്ന ഓർമപ്പെടുത്തലും.

(സത്യനിഷേധികൾക്ക് ഉദാഹരണമായി നൂഹിന്റെ ഭാര്യയെയും ലൂത്വിന്റെ ഭാര്യയെയും അല്ലാഹു ഇതാ എടുത്തുകാണിച്ചിരിക്കുന്നു) രണ്ടു സ്ത്രീകളെ. (അവർ നമ്മുടെ ദാസന്മാരിൽ പെട്ട സദ്വൃത്തരായ രണ്ടു ദാസന്മാരുടെ കീഴിലായിരുന്നു). നൂഹ്عليه السلام, ലൂത്വ്عليه السلام എന്നീ രണ്ടുപേരായിരുന്നു അവർ.

(എന്നിട്ട് അവർ രണ്ടുപേരെയും ഇവർ വഞ്ചിച്ചുകളഞ്ഞു) മതകാര്യത്തിൽ അവർ രണ്ടുപേരും തങ്ങളുടെ ഭർത്താക്കളുടെ മതത്തിലായിരുന്നില്ല. ഇതാണ് വഞ്ചന കൊണ്ട് ഉദ്ദേശ്യം. അതല്ലാതെ കുടുംബ പരമ്പരയിലോ ദാമ്പത്യബന്ധത്തിലോ വഞ്ചന കാണിച്ചെന്നല്ല. ഒരു പ്രവാചകന്റെ ഭാര്യയും അവിഹിതബന്ധം നടത്തിയിട്ടില്ല. പ്രവാചകപത്നിമാരെ അല്ലാഹു അങ്ങനെയാക്കുകയും ഇല്ല.

(യാതൊന്നും അവർ രണ്ടുപേരും ഇവർക്ക് ഒഴിവാക്കിക്കൊടുത്തില്ല) നൂഹും ലൂത്വും. (ഇവർക്ക് രണ്ടുപേർക്ക്) അതായത് അവരുടെ രണ്ടു ഭാര്യമാർക്ക്. (അല്ലാഹുവിൽ നിന്ന് യാതൊന്നും) അവർക്ക്. (നിങ്ങൾ രണ്ടുപേരും നരകത്തിൽ കടക്കുന്നവരോടൊപ്പം കടന്നുകൊള്ളുക).

11). (സത്യവിശ്വാസികൾക്ക് ഒരു ഉപമയായി അല്ലാഹു ഫിർഔനിന്റെ ഭാര്യയെ എടുത്തു കാണിച്ചിരിക്കുന്നു) അത് ആസിയ ബിൻത് മുസാഹിംرضي الله عنها ആണ്. (അവൾ പറഞ്ഞ സന്ദർഭം: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ അടുക്കൽ സ്വർഗത്തിൽ ഒരു ഭവനം ഉണ്ടാക്കിത്തരികയും ഫിർഔനിൽ നിന്നും അവന്റെ പ്രവർത്തനത്തിൽ നിന്നും നീ എന്നെ രക്ഷിക്കുകയും ചെയ്യേണമേ. അക്രമികളായ ജനങ്ങളിൽ നിന്നും എന്നെ നീ രക്ഷിക്കേണമേ).

തന്റെ രക്ഷിതാവിന് വിനയവും വിശ്വാസവും കാണിച്ചെന്നാണ് അല്ലാഹു അവരെക്കുറിച്ച് പറഞ്ഞത്. അവരുടെ ആവശ്യമാകട്ടെ മഹത്ത്വമേറിയതും. അത് സ്വർഗപ്രവേശമാണ്; അത്യുദാരനായ രക്ഷിതാവിന്റെ സാമീപ്യവും. ഫിർഔനിന്റെ കുഴപ്പങ്ങളിൽ നിന്നും മോശമായ പ്രവർത്തനങ്ങളിൽ നിന്നും രക്ഷപ്പെടുത്താൻ ആവശ്യപ്പെടുകയും ചെയ്യുന്നു; എല്ലാ അക്രമികളുടെയും പീഡനങ്ങളിൽ നിന്നും.

**കപടവിശ്വാസികൾക്ക് നൽകപ്പെടുന്ന പ്രകാശം അണഞ്ഞുപോകുമ്പോൾ അവർ പ്രയാസപ്പെടും. സത്യവിശ്വാസികൾ അവരുടെ പ്രകാശത്തെ പൂർത്തിയാക്കിക്കൊടുക്കാൻ അല്ലാഹുവോട് ചോദിക്കും. അവൻ അവരുടെ പ്രാർഥനക്ക് ഉത്തരം നൽകും. അവരോടൊപ്പമുള്ള വിശ്വാസ ദാർഢ്യവും പ്രകാശവും കൊണ്ട് അവരെ അവൻ സുഖാനുഗ്രഹങ്ങളുടെ സ്വർഗത്തിലെത്തിക്കും; പരിശുദ്ധനായ രക്ഷിതാവിങ്കലേക്കും.**

അല്ലാഹു അവരുടെ പ്രാർഥനക്ക് ഉത്തരം നൽകി. പൂർണവിശ്വാസത്തോടെ അവർ ജീവിച്ചു; പൂർണ സ്ഥൈര്യത്തോടെ, എല്ലാ പീഡനങ്ങളിൽ നിന്നും രക്ഷപ്പെട്ട്. അതാണ് നബിﷺ പറഞ്ഞത്: പുരുഷന്മാരിൽ ധാരാളം പേർ പരിപൂർണരായി. സ്ത്രീകളിൽ ഇംറാനിന്റെ മകൾ മറിയമും മുസാഹിമിന്റെ മകൾ ആസിയയും ഖുവൈലിദിന്റെ മകൾ ഖദീജയും മാത്രമാണ് പരിപൂർണരായത്. മറ്റു സ്ത്രീകളിൽ ആഇശرضي الله عنهاയുടെ ശ്രേഷ്ഠത മറ്റു ഭക്ഷണങ്ങളിൽ (മാംസവും മറ്റും ചേർത്തുണ്ടാകുന്ന ഭക്ഷണം)നുള്ള ശ്രേഷ്ഠത പോലെയാണ്.

12). (തന്റെ ഗുഹ്യസ്ഥാനം കാത്തുസൂക്ഷിച്ച ഇംറാനിന്റെ മകൾ മർയമിനെയും) അവരെ അല്ലാഹു ദുഷ്ചെയ്തികളിൽ നിന്ന് സംരക്ഷിക്കുകയും സുരക്ഷിതയാക്കുകയും ചെയ്തു. അവരുടെ ദീനീനിഷ്ഠയുടെയും പരിശുദ്ധിയുടെയും പവിത്രതയുടെയും കാരണത്താൽ.

(അപ്പോൾ നമ്മുടെ ആത്മചൈതന്യത്തിൽ നിന്നും നാം അതിൽ ഊതുകയുണ്ടായി) അവരുടെ മേൽ വസ്ത്രത്തിന്റെ ഇടയിൽ ജിബ്‌രീൽعليه السلام ഊതി. ആ ഊത്ത് മർയമിലെത്തി. അതിൽ നിന്നും മഹാനായ പ്രവാചകൻ ഈസാعليه السلام ഉണ്ടായി. (തന്റെ രക്ഷിതാവിന്റെ വചനങ്ങളിലും ഗ്രന്ഥങ്ങളിലും അവർ വിശ്വസിക്കുകയും ചെയ്തു). മറിയംرضي الله عنها സിദ്ദീഖത്ത് ആയിരുന്നു. സിദ്ദീഖത്ത് എന്നത് അവരുടെ അറിവിനെയും വിജ്ഞാനത്തെയും കുറിച്ചാണ് പ്രയോഗിച്ചിരിക്കുന്നത്. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# ദില്ലി കരയുന്നു



ദില്ലിയാം തലസ്ഥാന നഗരി കത്തിയെരിയും ഹാലിലാ
തെല്ലുമെ മനുഷ്യത്വമില്ലാ കാടന്മാരുടെ പിടിയിലാ
കൊല്ലുവാനായ് പാഞ്ഞടുക്കും ദുഷ്ടരെന്തൊരു പകയിലാ
തല്ലുകൊള്ളും കൂട്ടരോ തൻ ജീവനും കൊണ്ടോടലാ

കൂട്ടമായ് കാട്ടാളവർഗം എത്തി ദുഷ്ടത കാട്ടിയേ
കിട്ടിയ കല്ലും വടിയും കൊണ്ട് ചോരയൊഴുക്കിയേ
കട്ടിലിൽ കിടപ്പിലായ വൃദ്ധയെ പിടികൂടിയേ
ചുട്ടുകൊന്ന് നൃത്തമാടി കണ്ട് നാടും ഞെട്ടിയേ

ഒട്ടനേകം കുടിലുകൾ, കട തീകൊടുത്ത് കരിച്ചവർ
വെട്ടിയും വെടിവച്ചുമേറെ ജീവനുമെടുത്തവർ
വീട്ടിനുള്ളിൽ കേറി പെണ്ണിൻ മേനിയിൽ പിടിച്ചവർ
വിട്ടുപോകൂ പാക്കിലേക്ക് എന്നുമെ ഗർജിച്ചവർ

മിശ്രയെന്നൊരു ഹിംസ്രജന്തു തുപ്പിയ തീയല്ലയോ
വിശ്രുതമാം ദില്ലിയിൽ തീ പടർത്തിയോൻ അവനല്ലയോ
മിശ്രഭോജനമായി സങ്കികൾ മർത്യമാംസം പച്ചയായ്
മുസ്‌ലിം ചോരക്കായി നാവും നീട്ടിയോടിപ്പാച്ചിലായ്

കണ്ണുകൾ അടച്ചു സർക്കാർ കണ്ടതില്ലവരൊന്നുമെ
കണ്ണുനീരിൽ മുങ്ങി പീഡിതർ, ഇല്ല അഭയമതെങ്ങുമെ
എണ്ണുവാൻ കഴിയില്ല കുടിലത, മാപ്പതില്ലവർക്കൊന്നുമെ
എണ്ണമറ്റ കാലമൊന്നും വാഴുകില്ലിവിടാരുമെ

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

/greenvalleycampus

+91 9061716600
greenvalleyinstitutions@gmail.com

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 MARCH 14

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

الْمَاهِرُ بِالْقُرْآنِ مَعَ السَّفَرَةِ الْكِرَامِ الْبَرَرَةِ (الحديث)

جامعة الهند الإسلامية
JAMIA AL HIND AL ISLAMIYYA

ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ
സ്കൂൾ ഓഫ് ക്വുർആൻ
സംഘടിപ്പിക്കുന്ന

جامعة الهند الإسلامية
School Of Qur'an

# അൽ മഹാറ

## അഖില കേരള ക്വുർആൻ ഹിഫ്ദ് മത്സരം

പ്രാഥമിക റൗണ്ട് — 2020 മാർച്ച് 28

ഫൈനൽ റൗണ്ട് — 2020 മെയ് 30

### 30 ജുസ്അ്

| | |
|---|---|
| ഒന്നാം സമ്മാനം | ₹30000 |
| രണ്ടാം സമ്മാനം | ₹25000 |
| മൂന്നാം സമ്മാനം | ₹20000 |

### 15 ജുസ്അ്

| | |
|---|---|
| ഒന്നാം സമ്മാനം | ₹15000 |
| രണ്ടാം സമ്മാനം | ₹12000 |
| മൂന്നാം സമ്മാനം | ₹10000 |

### 4 ജുസ്അ്

| | |
|---|---|
| ഒന്നാം സമ്മാനം | ₹7000 |
| രണ്ടാം സമ്മാനം | ₹6000 |
| മൂന്നാം സമ്മാനം | ₹5000 |

### 2 ജുസ്അ്

| | |
|---|---|
| ഒന്നാം സമ്മാനം | ₹4000 |
| രണ്ടാം സമ്മാനം | ₹3000 |
| മൂന്നാം സമ്മാനം | ₹2000 |

സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം മത്സരങ്ങൾ

For Registration

സന്ദർശിക്കുക:
www.jamiaalhind.com, www.schoolofquran.in
കൂടുതൽ വിവരങ്ങൾക്ക്:
8606366661,9037235706,9447624148

രജിസ്ട്രേഷൻ
അവസാന തിയ്യതി
2020 മാർച്ച്
20